കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമ്പൂർ നഗരസഭ

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.21/2824/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി 17-01-2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

ചെയർപെഴ്സൺ (സെക്രട്ടറി മുഖേന)

**നിലമ്പൂർ** നഗരസഭ

സർ,

വിഷയം :നിലമ്പൂർ നഗരസഭയുടെ - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

എൽ. 1/19

നം.കെ.എസ്.എ.എം.പി.എം.21/2824/18 തീയ്യതി: 17-01-19

## മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 20/10/2017 മുതൽ 10/11/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീമതി. സുധാദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 12-11-2018 മുതൽ 23-11-2018 വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. അബ്ദുള്ള എ സി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ. ടി.പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം.ടി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. വേലായുധൻ കെ ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അഷ്റഫ് കെ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. റഷീദ് വി | ഓഡിറ്റർ |

**ബി ) നിർവഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. പത്മിനി ഗോപിനാഥ് | 01.04.2017 മുതൽ 31.03.2018 വരെ |

**സെക്രട്ടറി**

| | |
|---|---|
| 1.ശ്രീ.ജയകുമാർ എസ് | 01.04.2017 മുതൽ 09.04.17 വരെ |
| 2.ശ്രീ.ആകാശ് എം എസ് | 10.04.2017മുതൽ 30.03.18വരെ |

**മറ്റു നിർവഹണ ഉദ്യോഗസ്ഥർ.**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1.വെറ്ററിനറി സർജൻ | ഡോ.പ്രതാപ് പി .കെ | 01.04.2017മുതൽ 31.03.2018വരെ |
| 2.മെഡിക്കൽ ഓഫീസർ (സി എച്ച് സി ) | ശ്രീ. സി ഹമീദ് | 01.04.2017 മുതൽ 31.03.2018 വരെ |
| 3.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷഹ്നാസ് ബീഗം | 01.04.2017മുതൽ 31.03.2018 വരെ |
| 4.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.എം.പി ജോസ് | 01.04.2017മുതൽ 31.03.2018 വരെ |
| 5.ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ദിവ്യ.ജി.എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 6.ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 | ശ്രീമതി.ബിജുല ബാലൻ | 01.04.2017മുതൽ 01.07.2017 വരെ |
| | ശ്രീ.തോമസ്.ടി.ടി | 02.07.2017മുതൽ 28.08.2017വരെ |

| | | |
|---|---|---|
| | ശ്രീമതി.മാരിയത്ത്.കിബിത്തിയ | 29.08.2017 മുതൽ 11.10.2017 വരെ |
| | ശ്രീ.മുഹമ്മദ് സക്കീർ | 12.10.2017 മുതൽ 31.03.2018 വരെ |
| 7.അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീമതി.ഷക്കീല വി | 01.04.2017 മുതൽ 31.03.2018 വരെ |
| 8.മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജോമാൻ ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| 9.ഹെഡ്മാസ്റ്റർ | ശ്രീ.കൃഷ്ണദാസൻ എ | 01.04.2017 മുതൽ 22.12.2017 വരെ |
| | ശ്രീ.സന്തോഷ് കുമാർ സി | 04.01.2018 മുതൽ 08.03.2018 വരെ |
| | ശ്രീ.അബ്ദുറൗഫ് പി | 09.03.2018 മുതൽ 31.03.2018 വരെ |
| | 23-12-2017 മുതൽ 03-01-18 വരെ – ആരുമില്ല | |
| 10.മെഡിക്കൽ ഓഫീസർ | ഡോ.അജിത്കുമാർ വി ജി | 01.04.2017 മുതൽ 31.03.2018 വരെ |
| 11. മുനിസിപ്പൽ എൻജിനീയർ | ശ്രീ. സതീഷ് കുമാർ | 01.04.2017 മുതൽ 08.11.2017 വരെ |
| | ശ്രീ. അലി ഫൈസർ കെ ടി | 09.11.2017 മുതൽ 15.11.2017 വരെ |
| | ശ്രീ. മുഹമ്മദലി പി | 16.11.2017 മുതൽ 31.03.2018 വരെ |
| 12.ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 | ശ്രീ. മുകുന്ദൻ എം കെ | 01.04.2017 മുതൽ 31.03.2018 വരെ |
| 13.ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ & പ്രോജക്റ്റ് ഓഫീസർ | ശ്രീ. കൃഷ്ണകുമാർ കെ പി | 01.04.2017 മുതൽ 05.12.2017 വരെ |
| | ശ്രീ. അബ്ദുൾഹമീദ് കെ | 06.12.2017 മുതൽ 31.03.2018 വരെ |
| 13.ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ & പ്രോജക്റ്റ് ഓഫീസർ (പി എം എ വൈ &ലൈഫ് മിഷൻ ) | ശ്രീ. കൃഷ്ണകുമാർ കെ പി | 01.04.2017 മുതൽ 05.12.2017 വരെ |
| | ശ്രീ. അഭിലാഷ് കെ | 06.12.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |

**ഉള്ളടക്കം**



| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| **ഭാഗം I പൊതു അവലോകനം** | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| **ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | | |
| 13 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 2-1 | |
| 14 | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുവാദം ലഭ്യമാക്കാതെ ആശുപത്രിക്ക് പെർമിറ്റ്, ഒക്യുപ്പൻസി, കെട്ടിട നമ്പർ എന്നിവ അനുവദിച്ചു. | 2-2 | |
| 15 | പൊതു സ്ഥലങ്ങളിൽ കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ - ഫീസ് നിരക്ക് നിശ്ചയിച്ചില്ല. | 2-3 | |
| 16 | ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് സംവിധാനം ഉറപ്പ് വരുത്താതെ ഓഡിറ്റോറിയത്തിന് പെർമിറ്റ് അനുവദിച്ചു. | 2-4 | |
| 17 | വാർത്താവിനിമയ ഗോപുരങ്ങളുടെ നികുതി കുടിശ്ശിക ഈടാക്കിയില്ല. | 2-5 | |
| 18 | വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് നൽകൽ - അപേക്ഷകൾ തീർപ്പാക്കിയില്ല. | 2-6 | |
| 19 | തൊഴിൽ നികുതി - അപാകതകൾ സംബന്ധിച്ച് | 2-7 | |
| 20 | വാടക കുടിശ്ശിക പിരിച്ചെടുത്തില്ല. | 2-8 | |
| 21 | വിവിധ വരവുകൾ- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 2-9 | |
| **ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | | |
| 22 | വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് പ്രവൃത്തി – വിനിയോഗ വിവരം ലഭ്യമല്ല | 3-1 | |
| 23 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വിഹിതം ലഭിക്കുന്നില്ല. | 3-2 | |
| 24 | ലൈബ്രറി സെസ് യഥാസമയം അടവാക്കുന്നില്ല. | 3-3 | |
| 25 | സ്ട്രീറ്റ് ലൈൻ വലിക്കൽ വിനിയോഗ വിവരം ലഭ്യമല്ല. | 3-4 | |
| 26 | ആദായ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 3-5 | |

| | | | |
|---|---|---|---|
| 27 | വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നില്ല. | 3-6 | |
| 28 | ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ ലഭ്യമായില്ല. | 3-7 | |
| 29 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-8 | |
| 22 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി – പ്രവൃത്തികളിൽ കാലോചിതമായി മാറ്റം വരുത്തുന്നില്ല | 3-9 | |
| 23 | ആട്ട വളർത്തൽ പദ്ധതി-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-10 | |
| 24 | ആശ്രയ പദ്ധതി- ലക്ഷ്യങ്ങൾ കൈവരിച്ചില്ല | 3-11 | |
| 25 | ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് /തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല. | 3-12 | |
| 26 | ബയോ ഗ്യാസ് പ്ലാന്റ് - സബ്സിഡിയിനത്തിൽ അധിക തുക അനുവദിച്ചു | 3-13 | |
| 27 | ലാപ്ടോപ്പ് വിതരണം - ചെലവ് രേഖകൾ ലഭ്യമല്ല | 3-14 | |
| 28 | എസ്.എസ്.എ വിഹിതം - കൈപ്പറ്റ്, തുക വിനിയോഗ വിവരം എന്നിവ ലഭ്യമല്ല | 3-15 | |
| 29 | എങ്ങുമെത്താതെ മാലിന്യ സംസ്കരണം | 3-16 | |
| 30 | കരാർ കാലാവധിക്ക് ശേഷം ചെയ്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചു; 14,20,432 രൂപയുടെ അനധികൃത ചെലവ്. | 3-17 | |
| 31 | ഷീറ്റ് മേയലിന് അധികനിരക്ക് നൽകി. നഷ്ടം 61024 രൂപ. | 3-18 | |
| 32 | ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു.നഷ്ടം 76305 രൂപ | 3-19 | |
| 33 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ നിലമ്പൂർ നഗരസഭയിൽ – പ്രവർത്തനാവലോകനം | 3-20 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 41 | ചാർജ് /സർചാർജ് | 4-8 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 44 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | 4-11 | |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബഡ്ജറ്റ് 15-03-17 ലെ 2-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 19.03.2018 തിയതിയിലെ 1-ാം

നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.08.2018 | 31.08.2018 | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 08.10.2018 &09.10.2018 | കെ എസ് എ -എം പി എം 21/2126/2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,97,36,692.45 |
| വരവ് | 4,40,45,046 |
| ആകെ | 8,37,81,738.45 |
| ചെലവ് | 5,23,31,707 |
| നീക്കിയിരിപ്പ് | 3,14,50,031.45 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 37653744 | 37653744 | 32309283 | 5344461 | 86 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12031536 | 12031536 | 7726429 | 4305107 | 64 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13141046 | 13141046 | 13034272 | 106774 | 99 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 8604675 | 8604675 | 8600546 | 4129 | 99 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 47773965 | 47773965 | 37582526 | 10191439 | 79 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 1745147 | 1745147 | 1250147 | 495000 | 71 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5782715 | 5782715 | 4525328 | 1257387 | 78 |

| | | | | | | |
|---|---|---|---|---|---|---|
| (സെൻട്രൽ) | | | | | | |
| *എ.യു.ഇ.ജി.എസ്. | 2862994 | 5153588 | 8016582 | 3721374 | 4295208 | 46 |
| ബി ഫണ്ട് | 0 | 15602940 | 15602940 | 15602940 | 0 | 100 |
| തനത് ഫണ്ട് | 129989982 | 45779526 | 58778508 | 46394177 | 12384331 | 79 |
| എസ് ബി ടി (ട്രഷറി ) | 4989595 | 19804198 | 24793793 | 21005224 | 3788569 | 85 |
| കനറ ബാങ്ക് (പബ്ലിക് കോൺട്രിബ്യൂഷൻ) | 6807 | 261 | 7068 | 0 | 7068 | 0 |
| എം ഡി സി ബാങ്ക് | 579367.45 | 23795 | 603162.45 | 0 | 603162.45 | 0 |
| സ്പെഷ്യൽ ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് | 356 | 1500000 | 1500356 | 1415537 | 84819 | 94 |
| പഞ്ചാബ് നാഷണൽ ബാങ്ക് (മാലിന്യസംസ്കരണം) | 6415503.00 | 260496 | 6675999 | 70 | 6675929 | 0 |
| കനറ ബാങ്ക് (ജോബ് ഫെസ്റ്റ് ) | 25935.00 | 0 | 25935.00 | 0 | 25935.00 | 0 |
| പഞ്ചാബ് നാഷണൽ ബാങ്ക്(ഡിസെൻട്രലൈസ്ഡ് വെസ്റ്റ് മാനേജ്മെൻറ് ) | 1026263 | 42128 | 1068391 | 61775 | 1006616 | 6 |
| വിജയബാങ്ക് (പി എം എ വൈ) | 3537930 | 3611152 | 7149082 | 5381670 | 1767412 | 75 |
| വിജയബാങ്ക് (കുടുംബശ്രീ) | 1589384 | 475676 | 2065060 | 1898932 | 166128 | 91 |
| ഐ സി ഐ സി ഐ (സ്വച്ഛാഭാരത് മിഷൻ ) | 35000 | 0 | 35000.00 | 0 | 35000 | 0 |
| ഐ സി ഐ സി ഐ (സ്വച്ഛാഭാരത് മിഷൻ s/a) | 245269 | 207174 | 2659866 | 39425 | 2620441 | 1 |
| ആക്സിസ് ബാങ്ക് (നിർഭയ പ്രോജക്ട്) | 2309836 | 86103 | 2395939 | Nil | 2395939 | 0 |
| എസ് എം ജി ബാങ്ക് | 163766 | 6671 | 170437 | 0 | 170437 | 0 |
| അർബ്ബൻ ബാങ്ക് (സാലറി കൗൺസിലർമാരുടെ) | 1000 | 3341767 | 3342767 | 3340963 | 1804 | 99 |

* എസ്.യു.ഇ.ജി.എസ് നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തമില്ല. വിവരം ഭാഗം 1-12 ൽ പരാമർശിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൻപ്രകാരമാണ് നീക്കിയിരിപ്പ് ചേർത്തിട്ടുള്ളത്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 398 | 181186378 | 150 | 115197017 | 139 | 109 | 38.59 |

# 1-7 തൊഴിലുറപ്പ്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 2862994 | 5153588 | 8016582 | 462834 | 4295208 | എ.യു.ഇ.ജി.എസ് നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തമില്ല. വിവരം ഭാഗം 1-12 ൽ പരാമർശിച്ചിട്ടുണ്ട്. |
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത് | | | | 3258540 | | |
| **ആകെ** | 2862994 | 5153588 | 8016582 | 3721374 | 4295208 | |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 200640 | 339 |
| കർഷക തൊഴിലാളി പെൻഷൻ | 1062000 | 375 |
| വിധവാ പെൻഷൻ | 5191200 | 1877 |
| വാർദ്ധക്യകാല പെൻഷൻ | 7423500 | 2635 |
| വികലാംഗ പെൻഷൻ | 1305600 | 470 |
| വിവാഹ ധനസഹായം | 30000 | 1 |
| 50വയസിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 390000 | 145 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41927 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം.

(1) കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസ് 2007 9(2) പ്രകാരം ഇടപാടുകൾക്കാധാരമായ എല്ലാ രേഖപ്പെടുത്തലുകളുടെയും ആമുഖ പത്രമായി വൗച്ചർ വെക്കുകയോ, വൗച്ചർ ക്രമനമ്പർ പ്രകാരം അവ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

(2)സ്ട്രീറ്റ് ലൈറ്റ്, അഡ്വാൻസ്, കണ്ടിജന്റ് ചാർജ്, ഡെപ്പോസിറ്റ്, ഇൻവെസ്റ്റ്മെൻറ്, ലോൺ എന്നിവയുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡി.സി.ബി ഇനങ്ങളിൽ, ഷോപ്പിങ് കോംപ്ലക്സ് വാടക ഒഴികെയുള്ളവയുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടില്ല.

(3) നഗരസഭയുടെ വരവിനങ്ങൾ ഒന്നും തന്നെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കിലുമുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെട്ടുന്നില്ല. ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുമില്ല.

(4) പട്ടികജാതി വികസനഓഫീസർ, സെക്രട്ടറിയുടെ പി.എം.എെ.എ.വൈ നടപ്പാക്കിയ ഭവനനിർമ്മാണ പദ്ധതികളുടെ രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

(5)മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ഗവ ആയുർവേദ ഡിസ്പെൻസറി, ഗവ.ആയുർവേദ ഹോസ്പിറ്റൽ എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(6)ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്ററിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. മോണിട്ടറിങ് കാര്യക്ഷമമല്ല

(7)ജനറൽ കമ്മിറ്റി മിനിട്സ് ക്ലോസ് ചെയ്യുന്നില്ല.

(8).ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

(9).മാസ്റ്റർ ഇൻക്യംപൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

(10)കേന്ദ്രീകൃത സ്റ്റോക്ക് രജിസ്റ്റർ,സൂചിക സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

(11)സ്റ്റീറ്റ് ലൈറ്റുകളുടെ ആസ്തി വിവരം ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുമില്ല.

(12).സെക്രട്ടറി പ്രൊജക്ടു രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ ,ബിൽ രജിസ്റ്റർ എന്നിവയിൽ പദ്ധതി വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

(13).വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസ് 2007 9 (2) പ്രകാരം ഇടപാടുകൾക്കാധാരമായ എല്ലാ രേഖകളുടെയും ആമുഖപത്രമായി വൗച്ചർ (പെയ്മെൻറ് ഓർഡർ സഹിതം ) വെയ്ക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം വെയ്ക്കുകയോ വൗച്ചർ ക്രമനമ്പർ പ്രകാരം അവ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ചെലവ്രേഖകൾ ക്രമപ്രകാരം ചിട്ടപ്പെടുത്തി സൂക്ഷിക്കാത്തത് അക്കൗണ്ടന്റിന്റെ വീഴ്ചയാണ്. അക്കൗണ്ട്സ് റൂൾസിലെ നിർദ്ദേശങ്ങൾ പാലിച്ചും വ്യവസ്ഥാപിതമായി ക്രമപ്പെടുത്തിയും ചെലവ്രേഖകൾ സൂക്ഷിക്കാത്തത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇടപാടുകൾക്കാധാരമായ വൗച്ചറുകൾ ജനുവരി 2018 മുതൽ 3/2018 വരെ) സൂക്ഷിക്കുന്നതിൽ അക്കൗണ്ട്സ് റൂൾ 9 (1) മുതൽ (5) വരെ വിവരിച്ചത് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

(14)പ്രൊജക്ട് മോണിറ്ററിംഗ് രേഖകൾ ഇല്ല.

(15)സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2013 | 2011-12 | 11.06.14 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.09.2018 | 2014-15 മുതൽ 2017-18 വരെ | 05.11.2018 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

നിലമ്പൂർ നഗരസഭയുടെ 2017-18 വാർഷിക കണക്ക് 01.08.2018 ന് എയിംസിൽ (ഓൺലൈൻ) സമർപ്പിച്ചിരുന്നെങ്കിലും ഗുരുതരമായ അപാകതകൾ ഉള്ളതിനാൽ Reject ചെയ്തിരുന്നു. പിന്നീട് 30.08.2018 ന് ഓൺലൈനിൽ വീണ്ടും സമർപ്പിക്കുകയും, ആയതിന്റെ Hard Copy ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തു. എന്നാൽ Aims-ൽ സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയും (Hard Copy) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ Aims-ൽ സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയാണ് പരിശോധനക്ക് വിധേയമാക്കിയത്. ആയത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.)വാർഷിക ധനകാര്യ പത്രികയിലെ വിവിധ ഭാഗങ്ങൾ തമ്മിൽ പൊരുത്തമില്ല, വിവിധ പത്രികകൾ പ്രകാരമുള്ള തുകയും അവയുടെ സംഗ്രഹത്തിൽ കാണിച്ച തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല.

ഉദാ-

(a)Receipt and Payment Statementൽ RP-6 - 970902.00 ,Receipt and Payment Statement Schedules ൽ RP-6 Schedule – 131677938.00

(b) Receipt and Payment Statementൽ RP-8 ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ Receipt and Payment Statement Schedules ൽ RP-8 പ്രകാരം 171100100 ഹെഡിൽ 862714.00 രൂപയുണ്ട്.

2).സർക്കാരിൽ നിന്ന് നഗരസഭക്ക് 2017-18 വർഷത്തിൽ വിവിധ ഇനങ്ങളിലായി ലഭിച്ച ഗ്രാന്റ് തുകയും വാർഷിക കണക്കിൽ (RP-6) ചേർത്ത തുകയും പൊരുത്തപ്പെടുന്നില്ല.

| ഇനം | എ.സി.ആർ പ്രകാരം ലഭിച്ച തുക | RP-6 പ്രകാരം |
|---|---|---|
| ഡവലപ്പ്മെന്റ് ഫണ്ട്- ജനറൽ | 32309283.00 | 32282833.00 |
| ഡവലപ്പ്മെന്റ് ഫണ്ട് (എസ്.സി.പി) | 7726429.00 | 7726429.00 |
| സി.എഫ്.സി | 37582526.00 | 37332526.00 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 8600546.00 | 8274491.00 |

| | | |
|---|---|---|
| ട്രഡീഷണൽ ഫണ്ട് | 9134313.00 | 16288633.00 |

3. പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. B-17 പ്രകാരമുള്ള വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് ബന്ധപ്പെട്ട പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | B-17 പ്രകാരം നീക്കിയിരിപ്പ് | പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| HDFC BANK | 22807.00 | 23894.00 |
| South Malabar Gramin Bank-10472 | 170437 | 171391 |
| The Malappuram District Co-operative Bank | 579367.45 | 591387.45 |
| AXIS Bank- Nirbaya Project | 2309836.00 | 2395939.00 |
| Canara Bank- (Public Contribution) | 6807.00 | 7068.00 |
| Vijaya Bank - Kudumbasree | (9548.00) | 166128.00 |
| Panjab National Bank | 6415503.00 | 6415517.00 |
| PNB- Decentralised waste Management | 965063.00 | 1067816.00 |
| Vijaya bank- PMAY | 3526394.00 | 1767412.00 |
| SBT | 12526776.00 | 18740207.93 |
| Union Bank | (831547.00) | 4507579.18 |
| ICICI- Swach Bharath Mission – saving Account | 2413267.00 | 2654664.00 |
| TSB (OWN FUND) A/C | 1933941.00 | 3797863.00 |

വാർഷിക കണക്കുപ്രകാരം CANARA BANK JOB FEST ACCOUNT – 25935.00 രൂപയും ICICI SWACH BHARATH MISSION – 35000.00 രൂപ, URBAN BANK – SALARY COUNCILERS- 1000.00 എന്നിങ്ങനെ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ടുകളുടെ ബാങ്ക് പാസ്ബുക്ക്/ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയില്ല.

5. നഗരസഭ നൽകിയതും കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്തതുമായ ചെക്കുകൾ Liability in respect of Stale Cheque എന്ന ശീർഷകത്തിൽ രശീത് ചെയ്യുകയോ, 3 വർഷം കഴിഞ്ഞവ വരവായി രശീത് ചെയ്യുകയോ ചെയ്യേണ്ടതാണ്. വാർഷിക കണക്കിൽ 1596 രൂപ B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകളുടെ മുഴുവൻ വിവരവും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അക്കൗണ്ട് നമ്പർ. 5193 SBT, നിലമ്പൂർ,-അക്കൗണ്ടിൽ മാത്രം 21.12.2011 മുതൽ 19.12.2017 വരെയുള്ള കാലയളവിൽ 7756997 രൂപ Stale Cheque ഇനത്തിൽ കാണുന്നു.

6. ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളുടെ വിവരങ്ങൾ പരിശോധിക്കാനാവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. B-4, B-17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| വരവ് | തൻ വർഷം വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (2862994 OB) | 50,97,595+ 2862994 (OB) |
| ചെലവ് | 104013 (RP-22) | 36,84,374 |
| നീക്കിയിരിപ്പ് | (831547) | 4276215 |

8. വാടക ഒഴികെയുള്ള വരവിനങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വാടക, ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| കുടിശ്ശിക | ഡിമാന്റ് | 44578 | 0 |
| | കളക്ഷൻ | 25896 | 25896 |
| | ബാലൻസ് | 18682 | 817358.00 |
| | ഡിമാന്റ് | 2058492 | 2364728 |
| തന്നാണ്ട് | കളക്ഷൻ | 1815477 | 1793920 |
| | ബാലൻസ് | 243015 | (1793920) |

9. B-5 പ്രകാരം Loan from KURDFC – 7445501.00 ബാധ്യതയുണ്ട്. പരിശോധനക്ക് ഹാജരാക്കിയ ലോൺ രജിസ്റ്റർ അനുസരിച്ച് ലോൺ തുക മുഴുവൻ തിരിച്ചടച്ചിട്ടുണ്ട്. ഈ ഇനത്തിൽ ബാധ്യതയില്ല. B-5 പ്രകാരം 330500200 LOAN FROM FINANCIAL INSTITUTION ഹെഡിൽ (2543619.00) രൂപയുണ്ട്. എന്നാൽ ഈ തുകയുടെ കൃത്യത ഉറപ്പാക്കാനുള്ള രേഖകൾ ലഭ്യമല്ല.

10. വസ്തുനികുതി തന്നാണ്ട്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളിലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

11. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

12. പിരിഞ്ഞ് കിട്ടാനുള്ളവയിൽ, സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

13. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

14. സ്റ്റോക്ക് സംബന്ധിച്ച വാർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ RP- 36 (Purchase of materials- stores- 11672.00) പ്രകാരമുള്ള തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

15. ബി ഫണ്ട് ഇനങ്ങളിലെ വരവ് ചെലവ് വിവരങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

16. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

17. അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

18. മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകത.

വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 60 രൂപ /ച.മീ ആയാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ശ്രീ.മാത്യു തോമസ്, അക്കരപ്പറമ്പിൽ ഹൗസ്, നിലമ്പൂർ.പി.ഒ എന്നവരുടെ 34.37 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള ബോട്ടിൽ നിർമ്മാണ യൂണിറ്റിന് 20 രൂപ /ച.മീറ്റർ നിരക്കിൽ നികുതി ചുമത്തിയതിലൂടെ 1978/- രൂപ നഗരസഭക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 33/106 A |
| തറവിസ്തീർണ്ണം | 34.37 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 60/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 34.37 * 60) | 2063 രൂപ |
| (-) ഇളവ് - 10 % (മേൽക്കൂര – 10% ) | 207 രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 1856 രൂപ |
| ഈടാക്കിയ വസ്തുനികുതി | 550 രൂപ. |
| ഈടാക്കിയതിൽ കുറവ് | 1306 രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (1856 * 5%) | 93 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 28 രൂപ |
| | |

| | |
|---|---|
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 65 രൂപ. |
| ഈടാക്കേണ്ട സേവന നികുതി (1856 * 10%) | 186 രൂപ |
| ഈടാക്കിയ സേവന നികുതി | 55 രൂപ |
| ഈടാക്കിയതിൽ കുറവ് | 131 രൂപ. |
| ആകെ നഷ്ടം (1306 + 65 + 131 ) | 1502 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് നഷ്ടതുകയായ 1502/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതും ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.4 /19.11.2018 )

## 2-2 കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുവാദം ലഭ്യമാക്കാതെ ആശുപത്രിക്ക് പെർമിറ്റ്, ഒക്യുപ്പൻസി, കെട്ടിട നമ്പർ എന്നിവ അനുവദിച്ചു.

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 54 (4) പ്രകാരം, ഓരോ ആശുപത്രിയും ബയോ-ചികിത്സാ മാലിന്യങ്ങൾ നശിപ്പിക്കുന്നതിന് വേണ്ടി 1998 ലെ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്‌ലിംഗ്) റൂൾസിലെ വ്യവസ്ഥകൾക്ക് കീഴിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുവാദം വാങ്ങേണ്ടതാണ്. എന്നാൽ നിലമ്പൂർ എൻ.എസ്.എസ് ആയുർവ്വേദ ഹോസ്പിറ്റലിന് വേണ്ടി നിർമ്മിച്ച 350.21 ച.മീ വിസ്തൃതിയിലുള്ള ആശുപത്രി കെട്ടിടത്തിന് (ഗണം C) ഇപ്രകാരമുള്ള അനുമതി ലഭ്യമാക്കാതെയാണ് പെർമിറ്റ് (പെർമിറ്റ് നമ്പർ. BA 539/13-14 തിയ്യതി.02.07.2014) അനുവദിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം അനുവദിച്ചപ്പോഴും (AE 808/09/TPA/1 KLM Dt: 15.12.2016) കെട്ടിട നമ്പർ അനുവദിച്ചപ്പോഴും (കെട്ടിട നമ്പർ.29/299 B) അനുമതി പത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിൽ "ലൈസൻസ് അനുവദിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുവാദം ലഭ്യമാക്കേണ്ടതാണ്" എന്ന് രേഖപ്പെടുത്തി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. അപാകതയുടെ കാരണം വിശദമാക്കേണ്ടതാണ്. സ്ഥാപനം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുവാദ പത്രവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം - 9/19-11-2018) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-3 പൊതു സ്ഥലങ്ങളിൽ കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ - ഫീസ് നിരക്ക് നിശ്ചയിച്ചില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം മുനിസിപ്പാലിറ്റിയുടെ ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിലുള്ള ഏതെങ്കിലും പൊതു തെരുവിലോ, റോഡിലോ പൊതുസ്ഥലത്തോ അതിന് മുകളിലോ ഏതെങ്കിലും തരത്തിലുള്ള കമാനങ്ങളോ പരസ്യബോർഡുകളോ സ്ഥാപിക്കാൻ പാടില്ലാത്തതാണ്. ചട്ടം 4 പ്രകാരം കമാനങ്ങളോ പരസ്യ ബോർഡുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നവർ കമാനത്തിന്റെയോ പരസ്യ ബോർഡിന്റെയോ വിശദ വിവരം കാണിക്കുന്ന പ്ലാൻ സഹിതം സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതും 6-ാം ചട്ട പ്രകാരം കൗൺസിൽ നിശ്ചയിച്ച നിരക്കിൽ ഫീസ് ഈടാക്കേണ്ടതുമാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ഇപ്രകാരമുള്ള വരവ് നഗരസഭക്ക് ലഭിച്ചതായി കാണുന്നില്ല. ആയതിന്റെ കാരണം വിശദമാക്കേണ്ടതും കൗൺസിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം - 5/19-11-2018) ഫീസ് നിരക്ക് നിശ്ചയിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇത് മൂലം പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിലെ നിയന്ത്രണം സാധ്യമാവാതെ വരികയും നഗരസഭയുടെ തനത് വരുമാനത്തിൽ കുറവ് സംഭവിക്കുകയും ചെയ്യുന്നുണ്ട്. ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മുനിസിപ്പൽ കൗൺസിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-4 ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് സംവിധാനം ഉറപ്പ് വരുത്താതെ ഓഡിറ്റോറിയത്തിന് പെർമിറ്റ് അനുവദിച്ചു.

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 55, ഉപചട്ടം 13 പ്രകാരം എല്ലാ സമ്മേളന കെട്ടിടങ്ങൾക്കും ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് അതോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ ഉപചട്ടം 14 പ്രകാരം,

കെട്ടിടത്തിലെ ജലോപയോഗം മൂലം ഉണ്ടാകുന്ന മലിന ജലത്തിന്റെ പുന:ചംക്രമണവും പുനരുപയോഗവും സാധ്യമാക്കുന്ന സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ശ്രീ.അബ്ദുൾ ഗഫൂർ, നെട്ടവാഞ്ചേരി ഹൗസ്, പുന്നപ്പാല.പി.ഒ എന്നവരുടെ 953.73 ച.മീ വിസ്തൃതിയിലുള്ള ഓഡിറ്റോറിയത്തിന് ഇപ്രകാരമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്താതെയുള്ള പ്ലാൻ പ്രകാരമാണ് പെർമിറ്റ് (പെർമിറ്റ് നമ്പർ. TP1-BA(83833)/2018 തിയ്യതി.07.02.2018) അനുവദിച്ചിട്ടുള്ളത്. അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം - 14/21-11-2018)

# 2-5 വാർത്താവിനിമയ ഗോപുരങ്ങളുടെ നികുതി കുടിശ്ശിക ഈടാക്കിയില്ല.

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന വാർത്താവിനിമയ ഗോപുരങ്ങളിൽ 5 എണ്ണത്തിന് മാത്രമാണ് വസ്തുനികുതി ചുമത്തിയിട്ടുള്ളത്. ഈ മൊബൈൽ ടവറുകളുടെ വസ്തു നികുതി 2010-11 മുതൽ കുടിശ്ശികയുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വർഷം | അസസ് ചെയ്ത വാർഷിക നികുതി (സേവന ഉപനികുതി, ഗ്രന്ഥശാലാ വരി എന്നിവ ഉൾപ്പെടെ) | ആകെ കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 33/133 | 2013-14മുതൽ 2017-18 വരെ | 15525 | 77625 |
| 2 | 17/125 | 2011-12 മുതൽ 2017-18 വരെ | 23000 | 161000 |
| 3 | 17/121 | 2010-11 മുതൽ 2017-18 വരെ | 15525 | 124200 |
| 4 | 1/336 | 2013-14മുതൽ 2017-18 വരെ | 6900 | 34500 |
| 5 | 13/285 B | 2015-16 മുതൽ 2017-18 വരെ | 44390 | 133170 |
| ആകെ | | | 105340 | 530495 |

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വാർത്താവിനിമയ ഗോപുരങ്ങളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എല്ലാ ടവറുകൾക്കും മതിയായ വസ്തുനികുതി ചുമത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വാർത്താ വിനിമയ ഗോപുരങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാൻ നഗരസഭ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം-20/21-11-2018)

# 2-6 വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് നൽകുൽ - അപേക്ഷകൾ തീർപ്പാക്കിയില്ല.

സംസ്ഥാനത്തെ വിമുക്ത ഭടൻമാർക്കും അവരുടെ ഭാര്യ/വിധവകൾക്കും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ച.അടി വരെയുള്ള തറ വിസ്തീർണ്ണത്തിന് നികുതി ഇളവ് നൽകാവുന്നതാണ്. ഇതിനായി, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്ക് നൽകേണ്ടതാണ്. ഓഡിറ്റ് വർഷത്തിൽ ഇപ്രകാരമുള്ള 124 അപേക്ഷകൾ സത്യവാങ്മൂലം നഗരസഭയിൽ ലഭിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയ്യതി വരെ ആയതിൽ യാതൊരു നടപടിയും സ്വീകരിക്കാതെ ബന്ധപ്പെട്ട സെക്ഷനിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ അപേക്ഷകൾ ഒന്നും തന്നെ സൂക്ഷ്മ പരിശോധന നടത്തുകയോ തീർപ്പാക്കുകയോ ചെയ്തിട്ടില്ല. 124 അപേക്ഷകളിൽ കുറച്ച് അപേക്ഷകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുമായി ഒത്തു നോക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | കെട്ടിട നമ്പർ | വാർഷിക വസ്തുനികുതി |
|---|---|---|---|
| 1 | കരുണാകരൻ, പാണ്ടിയാട്ടിൽ | 2 / 294 | 1043 രൂപ. |

| | | | |
|---|---|---|---|
| 2 | ഗോപാലൻ, കണ്ടംതൊടിയിൽ | 31 / 220 | 127 രൂപ. |
| 3 | കൃഷ്ണൻകുട്ടി & വത്സല | 28 / 44 | 165 രൂപ. |
| 4 | പൗലോസ്, തളിയത്ത് | 28 / 115 | 421 രൂപ. |
| 5 | പി.ജെ.ജോൺ, പ്ലാവനക്കുടി | 22 / 175 | 654 രൂപ. |
| 6 | മറിയാമ്മ ചാക്കോ, മരുതിമൂട്ടിൽ | 17 / 196 | 621 രൂപ. |
| 7 | നാരായണൻ, വള്ളിക്കാടൻ | 25 / 554 A | 97 രൂപ. |
| 8 | ശ്രീദേവി, ശ്രീരാഗം | 17 / 26 | 375 രൂപ. |
| 9 | ശോഭന കുമാരി.ഇ.ടി, തുഷാരം | 26 / 115 | 353 രൂപ. |
| 10 | മോഹൻദാസ്.കെ, ശ്രീവത്സം | 15 / 410 | 280 രൂപ. |

നികുതി ഒഴിവാക്കുന്നതിനുള്ള സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അപേക്ഷ സമർപ്പിച്ചിട്ടുള്ള കെട്ടിട ഉടമകൾ നികുതി അടവാക്കുകയോ, അപേക്ഷ യഥാസമയം തീർപ്പാക്കുകയോ ചെയ്യാത്തതിനാൽ ഈ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശികയായി അവശേഷിക്കുകയാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

26.05.2017 ലെ സ.ഉ (കൈ) നം.106/17/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം വസ്തു നികുതിയിളവിന് അർഹരായവരുടെ നികുതി സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മേൽ ഉത്തരവിൽ സൂചിപ്പിച്ച പ്രകാരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം - 28/22-11-2018 )

## 2-7 തൊഴിൽ നികുതി - അപാകകൾ സംബന്ധിച്ച്

നിലമ്പൂർ നഗരസഭയുടെ 2017-18 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)<u>തൊഴിൽ നികുതി ഈടാക്കിയില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ (തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ നിന്നും ലഭ്യമായതിൻപ്രകാരം) സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽ നികുതി രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയില്ല.

| ക്രമനം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | ഏലംകുളം ഹോസ്പിറ്റൽ, നിലമ്പൂർ | |
| 2 | മഹാറാണി സിൽക്സ്, നിലമ്പൂർ | |
| 3 | മഹാറാണി ഗോൾഡ് പാർക്ക്, നിലമ്പൂർ | |
| 4 | നിലമ്പൂർ കോ.ഓപ്പ്. മാർക്കറ്റിംഗ് & പ്രോസസിംഗ് യൂനിറ്റ്, നിലമ്പൂർ | |
| 5 | നിലമ്പൂർ കോ.ഓപ്പ് .അർബ്ബൻ ബാങ്ക് സായാഹ്നശാഖ ,നിലമ്പൂർ | |
| 6 | കരുളായ് ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, നിലമ്പൂർ | |
| 7 | ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ, നിലമ്പൂർ | |
| 8 | നിലമ്പൂർ കാളികാവ് കള്ള് ചെത്ത് സഹകരണ സംഘം,നിലമ്പൂർ | |
| 9 | മാക്സ് വാല്യൂ ക്രഡിറ്റ് & ഇൻവെസ്റ്റ്മെന്റ്സ്, നിലമ്പൂർ | |
| 10 | ഹോട്ടൽ റോസ് ഇന്റർനാഷണൽ, നിലമ്പൂർ | |
| 11 | ഹോട്ടൽ ജി ഡി ഇന്റർനാഷണൽ, നിലമ്പൂർ | |
| 12 | നിലമ്പൂർ അലുമിനിയം കമ്പനി, നിലമ്പൂർ | |
| 13 | റിലയൻസ് പെട്രോളിയം, നിലമ്പൂർ | |
| 14 | നിലമ്പൂർ പെൻഷനേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി, നിലമ്പൂർ | |

| | | |
|---|---|---|
| 15 | മലപ്പുറം ജില്ലാ റബ്ബർ ഗ്രോവേഴ്സ് മാർക്കറ്റിംഗ്, പ്രോസസിംഗ് സൊസൈറ്റി, നിലമ്പൂർ | |
| 16 | ചൊയിസ് വെഡ്ഡിംഗ് സെന്റർ, നിലമ്പൂർ | |

മേൽ സ്ഥാപനങ്ങളിൽ നിന്നും ക്രമപ്രകാരം സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2).<u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി (രണ്ട് അർദ്ധവർഷങ്ങളിലും) ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | ബെസ്ററ് ബ്രിക്സ് ആന്റ് ടൈൽസ് വർക്സ്, വല്ലപ്പുഴ, നിലമ്പൂർ | |
| 2 | കെ എസ് ആർ ടി സി സബ് ഡിപ്പോ, നിലമ്പൂർ | |
| 3 | കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ, നിലമ്പൂർ | |
| 4 | സംഗീത ഡെന്റൽ ക്ലിനിക്ക്, നിലമ്പൂർ | |
| 5 | ജ്യോതി തിയേറ്റർ, നിലമ്പൂർ | |
| 6 | ഇറോം മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ്, നിലമ്പൂർ | |
| 7 | ഫെറിലാന്റ് തീയ്യറ്റർ, നിലമ്പൂർ | |
| 8 | കേരള വാട്ടർ അതോറിറ്റി, നിലമ്പൂർ | |
| 9 | കേരള സ്റ്റേറ്റ് ബീവറേജ് കോർപ്പറേഷൻ, നിലമ്പൂർ | |
| 10 | കനറബാങ്ക്, നിലമ്പൂർ | |
| 11 | യുണൈറ്റഡ് ഇന്ത്യാ ഇൻഷ്യൂറൻ കോ., നിലമ്പൂർ | |
| 12 | ഐ സി ഐ സി ഐ ബാങ്ക്, നിലമ്പൂർ | |
| 13 | ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആന്റ് ഫിനാൻസ് കോ. നിലമ്പൂർ | |
| 14 | ഇസാഫ് സ്വാശ്രയ മൾട്ടി അഗ്രോ കോ.ഓപ്പ്. സൊസൈറ്റി, നിലമ്പൂർ | |
| 15 | ഇൻഡസ് ഇൻഡ് ബാങ്ക് .നിലമ്പൂർ | |
| 16 | ശ്രീരാം ട്രാൻസ്പോർട്ട് ഫിനാൻസ് കോ. , നിലമ്പൂർ | |

മേൽ സ്ഥാപനങ്ങളിൽ നിന്നും ക്രമപ്രകാരം സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർമാരും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ സ്ഥാപനങ്ങളുടെ പേരുകൾ രേഖപ്പെടുത്തുകയും, അവയ്ക്ക് നേരെ അടവാക്കിയ ആകെ തുക ഭാഗികമായി രേഖപ്പെടുത്തുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളുടെയും, ഓഫീസർമാരുടേയും അടവ് വിവരം ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4). വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി സൂക്ഷിക്കേണ്ടതാണ്.(ഫോറം IV). ആയത് ശരിയായി സൂക്ഷിച്ചിട്ടില്ല. മുഴുവൻ റിട്ടേണുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

5)2017-18 വർഷത്തെ വാർഷിക കണക്ക് പ്രകാരം കുടിശ്ശികയിനത്തിൽ 57,967 രൂപ 2017-18 വർഷത്തിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ കുടിശ്ശിക വരവ് സംബന്ധിച്ച അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

6)വ്യാപാരികളിൽ നിന്നു തൊഴിൽ നികുതി ഈടാക്കിയ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പാരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.24/22.11.2018)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-8 വാടക കുടിശ്ശിക പിരിച്ചെടുത്തില്ല.

നിലമ്പൂർ നഗരസഭയുടെ 2017-18 വർഷത്തിൽ വാടക കുടിശ്ശിക ഈടാക്കിയത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1)2017- 18 വർഷത്തിൽ താഴെ പറയുന്ന വാടകകാരിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | വാടകകാരന്റെ പേര് | ബിൽഡിംഗ് നമ്പർ | തുക |
|---|---|---|---|
| 1 | ശ്രീ. ചന്ദ്രശേഖരൻ | 5/887, ചന്തക്കുന്ന് ബസ് സ്റ്റാന്റ് ബിൽഡിംഗ് | 5628 |
| 2 | ശ്രീ. സുധീർ പുന്നപ്പാല | 5/888B1, ചന്തക്കുന്ന് മാർക്കറ്റ് ബിൽഡിംഗ് | 6510 |
| 3 | ശ്രീ. ഷൗക്കത്തലി നെടുമ്പാറ | 5/888G2, ചന്തക്കുന്ന് മാർക്കറ്റ് ബിൽഡിംഗ് | 7664 |
| 4 | ശ്രീ. സിദ്ദീഖ് തെക്കേക്കരതോടി | 10/327K, ചെട്ടിയങ്ങാടി മാർക്കറ്റ് ബിൽഡിംഗ് | 4511 |
| 5 | ശ്രീമതി. സുനിത ആഞ്ഞുരാൻ | 12/5, ചെട്ടിയങ്ങാടി ബസ് സ്റ്റാന്റ് ബിൽഡിംഗ് | 40000 |
| | | **ആകെ** | **64,313** |

ചന്തക്കുന്ന് ബസ്സ്റ്റാന്റ് കോംപ്ലക്സ് (24 കടമുറികൾ), ചന്തക്കുന്ന് മാർക്കറ്റ് (9 കടമുറികൾ) എന്നിവയിലെ കടമുറികൾ 2017-18 വർഷത്തിൽ ലേലം കൊണ്ടവരുമായി നിയമപ്രകാരമുള്ള കരാർ ചമച്ചിട്ടില്ല. കോംപ്ലക്സുകൾ പൊളിയ്ക്കുന്നതിനാലാണ് നഗരസഭ കൗൺസിൽ തീരുമാന പ്രകാരം അപ്രകാരം ചെയ്തിട്ടുള്ളത്. കരാർ ചമച്ചിട്ടില്ലാത്തതിനാൽ മേൽ വാടകക്കാർ കുടിശ്ശിക അടവാക്കാത്ത പക്ഷം അവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ നഗരസഭക്ക് സാധിയ്ക്കുകയില്ല. ആയതിനാൽ അവരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതുണ്ട്. മേൽ വാടകക്കാരിൽ നിന്നും കുടിശ്ശിക അടിയന്തിരമായി പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)2016-17 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരം 44,578 രൂപ വാടക കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ വാടക ആരിൽ നിന്നാണ് പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് എന്ന വിവരം കൃത്യമായി രേഖപ്പെടുത്താത്തതിനാൽ നാളിതുവരെ കുടിശ്ശിക പിരിച്ചെടുക്കുവാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മൂന്ന് വർഷത്തിനകം തുക പിരിച്ചെടുക്കുവാൻ സാധിയ്ക്കാത്ത പക്ഷം തുക കാലാഹരണപ്പെട്ടു പോകുന്നതാണ്. തുക പിരിച്ചെടുക്കുവാൻ സാധിയ്ക്കാത്തപക്ഷം വീഴ്ചക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പലിശ സഹിതം തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)2017-18 വർഷത്തെ വാർഷിക കണക്ക് പ്രകാരം 25,896 രൂപ വാടക കുടിശ്ശിക വരവുണ്ട്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം 44,578 രൂപ 2016-17 വർഷത്തെ വാടക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. ആയത് പിരിച്ചെടുത്തതിന്റെ വിവരം ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4)2017-18 വർഷത്തെ വാടക കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരം ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-9 വിവിധ വരവുകൾ- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

നിലമ്പൂർ നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക കണക്ക് പ്രകാരം താഴെ പറയും പ്രകാരം വിവിധ ഇനങ്ങളിൽ തുക വരവുണ്ട്.

<u>1)പരസ്യ നികുതി</u>

ഡിമാന്റ് - 1,34,265 രൂപ

കളക്ഷൻ - 11,046 രൂപ

ബാലൻസ് - 15,160 രൂപ

2)മറ്റുല്പന്നങ്ങളുടെ വില്പന – 23,800 രൂപ

3) സ്ക്രാപ്പ് വില്പനയിൽ നിന്നുള്ള വരവ് - 24,890 രൂപ

മേൽ തുകകൾ ലഭ്യമായത് /ലഭ്യമാകാൻ ബാക്കിയുള്ളതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 26/22.11.2018) മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ വിവരം ലഭ്യമല്ല.

ഫൈനാൻസ് കമ്മീഷൻ ഗ്രാന്റ് 3600000 രൂപ വകയിരുത്തിയ പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനായി വാട്ടർ അതോറിറ്റിക്ക് ബിൽ നമ്പർ 23/20.3.18 പ്രകാരം 34,63,000 രൂപയും 35/28.3.18 പ്രകാരം 137000 രൂപയും നൽകിയിട്ടുണ്ട്. (നിർവ്വഹണം - സെക്രട്ടറി). മരാമത്ത് ഊർജ്ജ വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റി പണം കൈപറ്റിയതിന്റെ രസീതി, പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയതിന്റെ വിവരം ലഭ്യമല്ല. ഈ ചെലവ് ഡെപ്പോസിറ്റ് ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 19/21.11.18)

## 3-2 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വിഹിതം ലഭിക്കുന്നില്ല.

വിരമിച്ച ജീവനക്കാർക്കു ലഭിക്കേണ്ട പെൻഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമാകാത്തതിനാൽ, നഗരസഭാ ഫണ്ടിൽ നിന്നു തന്നെ നൽകി വരുന്നതിനാൽ ഭീമമായ തുക നഗരസഭയ്ക്ക് ബാധ്യതയായി വന്നിട്ടുണ്ട്. ലഭ്യമായ രേഖകൾ പ്രകാരം 2017 മാർച്ച് 31 വരെ 289745 രൂപ നഗരസഭയ്ക്ക് ലഭിക്കാനുള്ളത് സംബന്ധിച്ച് 2016-17 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 ൽ പരാമർശമുണ്ട്. 2017-18-ൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി 855473 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം 80966 രൂപ മാത്രമാണ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമായത്. 2018 മാർച്ച് 31 -ന് 1064252 (289745+855473-80966) രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാനുണ്ട്. എന്നാൽ ഇത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.( ഓഡിറ്റ് എൻക്വയറി നമ്പർ 22 /22.11.18)

## 3-3 ലൈബ്രറി സെസ് യഥാസമയം അടവാക്കുന്നില്ല.

കേരള പബ്ലിക് ലൈബ്രറീസ് ആക്ട് 1989 – ലെ വ്യവസ്ഥകൾ പ്രകാരം വസ്തുനികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് രണ്ടു ഗഡുക്കളായി ഏപ്രിൽ 30, നവമ്പർ 30 എന്നീ തീയതികൾക്ക് മുമ്പായി ലൈബ്രറി കൗൺസിലിൽ അടക്കേണ്ടതാണ്. യഥാസമയം അടവാക്കാതിരുന്നാൽ കാലതാമസത്തിനുള്ള പലിശ സെക്രട്ടറിയുടെ ബാധ്യതയാകുന്നതുമാണ്. നഗരസഭ വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് യഥാസമയം അടവാക്കുന്നില്ല. 2015-16 രണ്ടാം അർദ്ധവർഷം മുതലുള്ള ലൈബ്രറി സെസ് അടവാക്കാനുള്ളതായി കാണുന്നു. 2017-18 എ.എഫ്.എസ് പ്രകാരം 1691131 രൂപ ലൈബ്രറി സെസ് ബാധ്യതയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 21 /22.11.18.) ക്ക് നൽകിയ മറുപടിയിൽ ലൈബ്രറി സെസ് ഉടൻ അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 സ്ട്രീറ്റ് ലൈൻ വലിക്കൽ വിനിയോഗ വിവരം ലഭ്യമല്ല.

സ്ട്രീറ്റ് ലൈൻ വലിക്കൽ (425/18) എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനായി കെ.എസ്. ഇ.ബി ക്ക് ബിൽ നമ്പർ 24/20.3.18 പ്രകാരം 2513307 രൂപയും 31/27.3.18 പ്രകാരം 959700 രൂപയുമടക്കം 3473007 രൂപ നൽകിയിട്ടുണ്ട്. (നിർവ്വഹണം - സെക്രട്ടറി). 13.3.2018-ലെ SL 2/17-18 ED NBR പ്രകാരം കെ.എസ്. ഇ.ബി യുമായി മുനിസിപ്പാലിറ്റി കരാർ വെച്ചിട്ടുണ്ട്. എന്നാൽ കരാറിൽ പൂർത്തീകരണ കാലാവധി ഉൾപ്പെടുത്തിയിട്ടില്ല. കരാറിലെ വ്യവസ്ഥ 8 പ്രകാരം ഓൺ- ഓഫ് സ്വിച്ചുകൾ പ്രവർത്തിപ്പിക്കേണ്ടത് മുനിസിപ്പാലിറ്റിയാണ്. വ്യവസ്ഥ 8 പ്രകാരം ഓരോ മീറ്ററിംഗ് പോയന്റിനും പ്രത്യേകം കൺസ്യൂമർ നമ്പർ നൽകുന്നതും സ്പോട്ട് ബില്ലിംഗ് നടപ്പിലാക്കുന്നതുമാണ്. കരാർ വെക്കുന്നതിന് മുമ്പ് മുനിസിപ്പാലിറ്റിക്ക് പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രായോഗികതയും സൗകര്യവും പരിഗണിച്ച് ഓൺ- ഓഫ് സ്വിച്ചുകളുടെ എണ്ണവും സ്ഥാനവും

ക്രമീകരിച്ച് എസ്റ്റിമേറ്റിൽ ഉൾപ്പട്ടുത്തിയോ എന്ന് പരിശോധിച്ചിട്ടില്ല. മരാമത്ത് ഊർജ്ജ വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തിയിട്ടില്ല. കെ.എസ്. ഇ.ബി പണം കൈപ്പറ്റിയതിന്റെ രസീതി, പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയതിന്റെ വിവരം ലഭ്യമല്ല. ചെലവ്തുക തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 18/21.11.18)

## 3-5 ആദായ നികുതി ഈടാക്കിയില്ല

ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം നടത്തുന്നതിനു ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി ജോസ് ആന്റ് ജെ.ജെ ആർക്കിട്ടെക്റ്റ്സ് കോഴിക്കോട് എന്ന സ്ഥാപനത്തിന് 29.8.2017 ലെ കരാർ പ്രകാരം നൽകി. അടങ്കൽ തുകയുടെ 2.33% ആണ് ആകെ കൺസൾട്ടൻസി ചാർജ്. കൺസൾട്ടൻസി ചാർജിന്റെ 1% ആർക്കിട്ടെക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനും .66 % സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനും .66 % എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും കണക്കാക്കി ഓരോ ഘട്ടവും പൂർത്തീകരിക്കുമ്പോൾ അവയ്ക്ക് നിശ്ചയിച്ച തുകയുടെ 75 % നൽകണമെന്നും ആർക്കിട്ടെക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള ഒരു ശതമാനത്തിന്റെ 30 % സ്കെച്ച് ഡിസൈനിന് മുനിസിപ്പാലിറ്റി അംഗീകാരം നൽകിയാൽ നൽകണമെന്നുമാണ് കരാർ വ്യവസ്ഥ. 9.4 കോടി രൂപ അടങ്കൽ കണക്കാക്കിയ പ്രൊജക്റ്റിന്റെ ആർക്കിട്ടെക്ച്ചറൽ ഡിസൈൻ പൂർത്തീകരിച്ചതിനുള്ള ആദ്യ ഗഡു രണ്ടു തവണകളിലായി താഴെ പറയുന്ന പ്രക്രാരം നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | റിമാർക്സ് |
|---|---|---|
| 21700458/31.8.2017 | 282000 | കൺസൾട്ടൻസി ചാർജ് (30 % of 1 % of 9.4 crore) |
| 21700899/29.1.18 | 380700 | കൺസൾട്ടൻസി ചാർജ് |
| 21700900/29.1.18 | 42300 | ആദായ നികുതി |

ആദ്യ ഗഡു 282000 രൂപയിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട 28200 രൂപ ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. രണ്ടാം ഗഡു 4,23,000 രൂപയിൽ നിന്ന് 10% IT കുറച്ച് 3,80,700 രൂപയാണ് സ്ഥാപനത്തിന് നൽകിയത്. (പട്ടിക കാണുക).

ഈ പ്രൊജക്റ്റിന്റെ അടങ്കൽ 9.4 കോടിയെന്നു കണക്കാക്കിയാണ് കൺസൾട്ടൻസി ചാർജിന്റെ ആദ്യ ഗഡുക്കൾ നൽകിയിട്ടുള്ളത്. അടങ്കൽ നിർണ്ണയിച്ചതിന്റെ രേഖകൾ, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ പണം ചെലവഴിച്ചതിന്റെ കാരണം എന്നിവ സംബന്ധിച്ച രേഖകൾ / വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി നമ്പർ 17/21.11.18. നൽകിയിട്ടുണ്ട്. മറുപടി നൽകിയിട്ടില്ല. ആദായ നികുതി ഇൗടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നില്ല.

മിനി ടൗൺ ഹാളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ (293/18) എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനായി ലീഡർ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് സ്ഥാപനം ഹാജരാക്കിയ ഇൻവോയിസ് നമ്പർ 132/28.3.18 പ്രകാരമുള്ള ഫർണ്ണിച്ചർ വില 49880 രൂപ ബിൽ നമ്പർ 36/28.3.18 പ്രകാരവും സബ് സെന്ററുകളിലേക്ക് കമ്പ്യൂട്ടർ പർച്ചേസ് (290/18)എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനായി പെൻട്രോൺ ഇൻഫോ സിസ്റ്റംസ് എന്ന സ്ഥാപനത്തിന് സ്ഥാപനം ഹാജരാക്കിയ ഇൻവോയിസ് നമ്പർ 419/13.3.18 പ്രകാരമുള്ള 3 കമ്പ്യൂട്ടറുകളുടെ വില 157200 രൂപ ബിൽ നമ്പർ 30/27.3.18 പ്രകാരവും നൽകിയിട്ടുണ്ട്. (നിർവ്വഹണം – സെക്രട്ടറി). വാങ്ങിയ ഫർണ്ണിച്ചർ, കമ്പ്യൂട്ടറുകൾ എന്നിവ മുനിസിപ്പാലിറ്റി സ്റ്റോക്കിലെടുത്തതായോ സബ് സെന്ററുകളിലേക്ക് കൈമാറിയതായോ കാണുന്നില്ല. സ്റ്റോക്ക് എൻട്രി നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്. അതുവരെ 49,880 രൂപ തടസ്സം ചെയ്യുന്നു.

## 3-7 ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ ലഭ്യമായില്ല.

പ്രൊജക്റ്റ് നം.396/18 (മൃഗാശുപത്രി സബ്സെന്ററുകളിലേക്ക് കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങൽ)

ബിൽ നം.3/17-18/23.03.18—226799

നിർവ്വഹണം--സീനി.വെറ്ററിനറി സർജൻ

മേൽപ്പറഞ്ഞ പ്രൊജക്ടിന്റെ ഭാഗമായി കെൽട്രോണിൽ നിന്നും താഴെപ്പറയുന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി തുക പിൻവലിച്ച് നൽകിയിട്ടുണ്ട്.

| ഉപകരണം | വില |
|---|---|
| | |

| | |
|---|---|
| ലേസർ പ്രിന്റർ-1 | 64862 |
| ലാപ്പ്ടോപ്പ്-2 | 56994x2=113988 |
| ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ-1 | 47949 |

ഇവയിൽ ലാപ്പ്ടോപ്പ് കമ്പ്യൂട്ടറുകൾ ഒഴികെയുള്ള ഉപകരണങ്ങൾ ലഭ്യമാവുകയും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വെറ്ററിനറി സർജൻ, കെൽട്രോൺ മാനേജർക്കയച്ച നം.108/18/23.10.18 കത്തിൽ ലാപ്പ്ടോപ്പുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്നും, ഉടൻ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 15.03.18 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനത്തിൽ മേൽപ്പറഞ്ഞ ഉപകരണങ്ങൾ ഓൺലൈൻ സർക്കാർ പോർട്ടൽ മുഖേന കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. സ്ഥാപനവുമായി എഗ്രിമെന്റ് ഒപ്പു വയ്ക്കാതെയാണ് ഉപകരണങ്ങൾ വാങ്ങുന്നതിന് തുക നൽകിയിട്ടുള്ളത്. ലാപ്പ്ടോപ്പുകൾ ലഭ്യമാവാതിരിക്കാനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/19.11.18) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. windows Operating System സപ്ലൈ ചെയ്യുന്നതിന് സാങ്കേതികമായി തടസ്സമുള്ളതിനാലാണ് ലാപ്പ്ടോപ്പുകൾ ലഭിക്കാൻ വൈകിയതെന്നും Ubuntu Operating System അടിസ്ഥാനമാക്കിയിട്ടുള്ള ലാപ്പ്ടോപ്പുകൾ കൊറിയർ മാർഗ്ഗേണ 17.11.18 ലഭിച്ചതായും അറിയിച്ചു. ബിൽ പ്രകാരമുള്ള വില 33302x2=66604 ആണെന്ന് കാണുന്നു. 113988-66604=47384 രൂപ കെൽട്രോണിൽ നിന്നും തിരികെ ലഭിക്കാനുണ്ട്. ആയത് ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക ലഭ്യമാവുന്നതു വരെ 47384 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 തെരുവു വിളക്കുകൾ സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്റ്റ് നം.129/18

ബിൽ നം.145/17-18/24.01.18.—1499898

ബിൽ നം.146/17-18/24.01.18.—666918

നിർവ്വഹണം-മുനിസിപ്പൽ എഞ്ചിനീയർ

പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അല്ലമിന ഇലക്ട്രോണിക്സ്, കക്കാടം പൊയിൽ, വാളാന്തോട് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും 1282 സിംഗിൾ ട്യൂബ്, 215 ഡബിൾ ട്യൂബ് എന്നിവ വാങ്ങിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-കോളനികളിൽ സ്ഥാപിക്കേണ്ട വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. വാർഡടിസ്ഥാനത്തിൽ വിവരശേഖരണം നടത്തിയതിന്റെ രേഖകൾ, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2-സർക്കുലർ നം.65529/ഡി.സി3/12 തസ്വഭവ 12.03.2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നും, ഇതിനാവശ്യമായ സാങ്കേതിക സഹായം KSEB നല്കുന്നതും ആയതിനുള്ള തുക KSEB-യിൽ ഒടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. KSEB യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കിയതായി കാണുന്നില്ല. നിലമ്പൂർ നഗരസഭാ സെക്രട്ടറിക്ക് KSEB കരുളായി ഡിവിഷനിൽ നിന്നുള്ള DB/Notice/ES-KLY-18/76/20.09.2017 കത്തിലെ ഉള്ളടക്കം ചുവടെ ചേർക്കുന്നു.

നിലമ്പൂർ മുനിസിപ്പാലിറ്റി പരിധിയിലും KSEB കരുളായി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലും ഉൾപ്പെടുന്നതായ പാത്തിപ്പാറ, ഏനാന്തി, കുട്ടിക്കുന്ന്, കൊങ്ങൻപാടം, കൊയപ്പാൻ വളവ് തുടങ്ങിയ പ്രദേശങ്ങളിൽ അനധികൃതമായി തെരുവു വിളക്കുകൾ സ്ഥാപിക്കുന്നത് കാണാൻ കഴിഞ്ഞു. തെരുവു വിളക്കുകൾക്കുള്ള പ്രത്യേക ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്വയം നിയന്ത്രിത സംവിധാനത്തോടു കൂടി സ്ഥാപിച്ച തെരുവു വിളക്കുകൾ നിലവാരമില്ലായ്മ കാരണം പകൽ സമയങ്ങളിലും പ്രകാശിച്ചു നിൽക്കുന്നതായി കാണുന്നു. KSEB LTD-ന്റെ അറിവോ സമ്മതമോ ഇല്ലാതെയാണ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത്. മാത്രവുമല്ല നിലമ്പൂർ മുനിസിപ്പാലിറ്റി കരുളായി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ തെരുവു വിളക്കുകൾ ഉപയോഗിക്കുന്നതിന് നാളിതു വരെ വൈദ്യുതി ചാർജ് അടച്ചിട്ടുമില്ല. മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നുണ്ടായ ഈ പ്രവൃത്തി കാരണം വൈദ്യുതി ബോർഡിന് സാമ്പത്തിക നഷ്ടവും ഊർജ്ജ നഷ്ടവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആയതിനാൽ പ്രത്യേക ലൈൻ ഉള്ളതും ഇല്ലാത്തതുമായ സ്ഥലങ്ങളിൽ അനധികൃതമായി സ്ഥാപിച്ച ട്യൂബ് ലൈറ്റുകൾ ഈ നോട്ടീസ് കൈപ്പറ്റി 7 ദിവസങ്ങൾക്കകം അഴിച്ചു മാറ്റേണ്ടതാണ്. അല്ലാത്ത പക്ഷം ഈ വിളക്കുകൾ വിഛേദിക്കുന്നതായിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ നിന്നും അല്ലമിന ഇലക്ട്രോണിക്സിന് Pw1-S-355/17/26.09.17 പ്രകാരം കത്ത് നൽകുകയും KSEB യുടെ അനുമതിയില്ലാതെ സ്ഥാപിച്ച വിളക്കുകൾ അഴിച്ചു മാറ്റാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥാപനവുമായി ഒപ്പു

വച്ച Agreement No.01/17-18/29.04.17 -ലെ ഖണ്ഡിക 5 പ്രകാരം KSEB സെക്ഷനിൽ നിന്നും അനുമതി വാങ്ങേണ്ട ഉത്തരവാദിത്തം അലുമിന ഇലക്ട്രോണിക്സിനാണ് എന്നും കത്തിൽ പറയുന്നുണ്ട്.

3- Agreement No.01/17-18/29.04.17 -ലെ ഖണ്ഡിക 5—പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് രണ്ടാം കക്ഷി (അലുമിന ഇലക്ട്രോണിക്സ്) ബന്ധപ്പെട്ട KSEB ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും അനുമതി വാങ്ങേണ്ടതും KSEB യുടെ അംഗീകാരമുള്ള കോൺട്രാക്ടർമാർ, സൂപ്പർവൈസർമാർ എന്നിവരുടെ സേവനം പ്രവൃത്തിക്കായി ഉപയോഗിക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. KSEB യുമായി ബന്ധപ്പെടേണ്ടതും സൂപ്പർവിഷൻ ചാർജ് അടവാക്കി, വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കേണ്ടതും നഗരസഭയാണ്.

4-നഗരസഭയിൽ നിന്നും അലുമിന ഇലക്ട്രോണിക്സിന് Pw1-S-355/17/26.09.17 പ്രകാരം കത്ത് നൽകുകയും KSEB യുടെ അനുമതിയില്ലാതെ സ്ഥാപിച്ച വിളക്കുകൾ അഴിച്ച് മാറ്റാൻ ആവശ്യപ്പെടുകയും ചെയ്തതിനു ശേഷമുള്ള നടപടികൾ ഫയലിൽ ലഭ്യമല്ല. KSEBയിൽ നിന്നും അനുമതി ലഭ്യമായതിന്റെയോ, സൂപ്പർവിഷൻ ചാർജ് അടവാക്കിയതിന്റെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിളക്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച് KSEB യുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചുകൊണ്ടുള്ള സ്ഥാപനത്തിന്റെ കത്തും ലഭ്യമല്ല. ബന്ധപ്പെട്ട വാർഡുകളിലെ കൗൺസിലർമാരുടെ സാക്ഷ്യപത്രമനുസരിച്ച് സ്ഥാപനത്തിന് തുക നൽകുകയാണ് ചെയ്തത്.

5- തെരുവു വിളക്കുകൾ സംബന്ധിച്ച പരാതി രജിസ്റ്റർ പരിശോധിച്ചു. വിവിധ സ്ഥലങ്ങളിൽ ലൈറ്റുകൾ കത്താത്തത് സംബന്ധിച്ചും, റിപ്പയറിംഗ് ആവശ്യപ്പെട്ടും ധാരാളം പരാതികൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ പരിഹരിച്ചതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനവുമായി ഒപ്പു വച്ച Agreement No.01/17-18/29.04.17 -ലെ ഖണ്ഡിക 8, 9 എന്നിവ പ്രകാരം തെരുവു വിളക്കുകൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുകയും രജിസ്റ്ററിൽ രേഖപ്പെടുത്തിയ പരാതികൾ 3 ദിവസങ്ങൾക്കകം കമ്പനി പരിഹരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരിഹരിച്ചത് സംബന്ധിച്ച് വിവരം രജിസ്റ്ററിലോ, ബന്ധപ്പെട്ട ഫയലിലോ ലഭ്യമല്ലാത്തതിനാൽ പരാതികൾ പരിഹരിക്കപ്പെട്ടതായി ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

6—19.01.2018 ന് ഒപ്പു വച്ച എഗ്രിമെന്റ് പ്രകാരം 19.01.2018 മുതൽ 18.05.2019 വരെ 16 മാസത്തെ വാറന്റി ലൈറ്റുകൾക്ക് ഉണ്ട്. വാറന്റി കാലയളവിലുള്ള കേടുപാടുകൾ കമ്പനി പരിഹരിക്കണമെന്ന് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട് . ( Agreement No.01/17-18/29.04.17 -ലെ ഖണ്ഡിക-10) ഇക്കാര്യത്തിൽ കമ്പനി വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ കമ്പനിയുമായി കത്തിടപാട് നടത്തിയതിന്റെയോ, മറ്റ് നടപടികൾ സ്വീകരിച്ചതിന്റെയോ രേഖകളൊന്നും ലഭ്യമല്ല. പരാതികളിൽ പറയുന്ന അപാകതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

7- ലൈറ്റുകൾ സ്ഥാപിച്ച ബ്രാക്കറ്റുകൾ ശരിയായ വിധത്തിൽ ഉറപ്പിച്ചു നിർത്തിയതായി കാണുന്നില്ല. 10.12.2018 ന് മുനിസിപ്പൽ എഞ്ചിനീയറൊന്നിച്ച് നടത്തിയ സ്ഥല പരിശോധനയിൽ ചില ലൈറ്റുകൾ ചെരിഞ്ഞു തൂങ്ങിയതായി കണ്ടു. ലൈറ്റുകൾ ഘടിപ്പിച്ചിട്ടുള്ളത് ഒറ്റ ക്ലാമ്പു കൊണ്ടായതിനാലാണ് ബലക്കുറവ് അനുഭവപ്പെടുന്നത് എന്ന് വ്യക്തമാവുന്നു. പകൽ സമയത്ത് നടത്തിയ പരിശോധനയായതിനാൽ ലൈറ്റുകൾ പ്രകാശിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

8-29.04.2017 ലെ PW1-S-355/17 കത്ത് പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. വിളക്കുകൾക്ക് 16 മാസത്തെ വാറന്റിയാണ് സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുള്ളത്. വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ, ആയതിന്റെ തീയതി വ്യക്തമായി രേഖപ്പെടുത്തി വയ്ക്കേണ്ടതായിരുന്നു. വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള പക്ഷം ഏതു പോസ്റ്റുകളിലാണ് എന്നുള്ള വിവരം കൂടി കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. വാറന്റി കാലയളവിലുള്ള റിപ്പയറിംഗ്/മാറ്റി വയ്ക്കൽ എന്നിവയുടെ സാധ്യതയ്ക്ക് കൃത്യമായ വിവരങ്ങൾ ലഭ്യമാവേണ്ടതുണ്ട്.

9-തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവ കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. പുതിയ വിളക്കുകൾ സ്ഥാപിച്ചതിന്റെ വ്യക്തമായ രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് രേഖാമൂലമുള്ള മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (27/22.11.2018) ക്ക് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചു. KSEBയിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ക്രമനം.2 ലെ അപാകത പരിഹരിച്ചതിന് കരുളായി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക 2166816 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി-പ്രവൃത്തികളിൽ കാലോചിതമായി മാറ്റം വരുത്തുന്നില്ല

2017-18 വർഷത്തിൽ 317 പ്രവൃത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും, 68 പ്രവൃത്തികൾ മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ചെയ്ത പ്രവൃത്തികളുടെ എണ്ണവും തരവും താഴെ ചേർക്കുന്നു.

| പ്രവൃത്തികളുടെ തരം | എണ്ണം |
|---|---|
| ഡ്രൈനേജ് | 31 |
| തോടുകൾ | 27 |
| കിണർ | 1 |
| കനാൽ | 5 |
| തടയണ | 2 |
| ഭൂവികസനം | 2 |
| ആകെ | 68 |

മുൻ വർഷങ്ങളിൽ ചെയ്തു വരുന്ന പ്രവൃത്തികൾ തന്നെ തുടർന്നു വരുന്നതായി കാണുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്ന വീട് നിർമ്മാണങ്ങളിൽ വിവിധ ഘട്ടങ്ങളിലുള്ള തൊഴിൽ, തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ചെയ്തു വരുന്നുണ്ട്. എന്നാൽ നിലമ്പൂർ നഗരസഭയിൽ ഭവന നിർമ്മാണങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തിയിട്ടില്ല. ജലസുരക്ഷ-കിണർ റീചാർജിംഗ് പ്രവൃത്തികൾ ലേബർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും, ഒരു പ്രവൃത്തി പോലും നിർവ്വഹണം നടത്തിയിട്ടില്ല. നഗരസഭാ പരിധിയിലെ ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി 18,84,000 രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നിന്നും കിണർ റീചാർജ് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാണ്. 2017-18 വർഷത്തിൽ തൊഴിലിന് അപേക്ഷിച്ചിരുന്ന 496 പേരിൽ, 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർ 13 പേർ മാത്രമാണ്. തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും, കാലോചിതമായി പ്രവർത്തികൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നവരുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്.

## 3-10 ആടു വളർത്തൽ പദ്ധതി--സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

പ്രൊജക്ട് നം.272/18 (ആട്ട വളർത്തൽ- വനിത)

ബിൽ നം.7/17-18/28.03.18—144000

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മേൽപ്പറഞ്ഞ പ്രൊജക്ടിലൂടെ 24 ഗുണഭോക്താക്കൾക്ക് സബ്സിഡി 6000 രൂപ പ്രകാരം നൽകിയിട്ടുണ്ട്. 50% ഗുണഭോക്തൃവിഹിതവും ചേർത്ത് ഒരാൾക്ക് 2 ആടുകളെ വാങ്ങുന്നതാണ് പ്രൊജക്ട്. സ.ഉ (എം.എസ്) നം.80/2017/തസ്വഭവ /03.04.17-സബ്സിഡി മാർഗ്ഗരേഖാ പരിധിക്കു വിധേയമായി അനുവദിച്ചിട്ടുണ്ട്. സർക്കുലർ നം.ഡിഡി3/2017/തസ്വഭവ/01.07.17 -മാർഗ്ഗരേഖാ ഭേദഗതി പ്രകാരം പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ അട്ടപ്പാടി ബ്ലാക്ക് ആടുകളെ വാങ്ങണമെന്ന് ആടു വളർത്തൽ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ച് ശ്രീ.അഹമ്മദ് കുട്ടി കല്ലേൻതോടൻ എന്നയാളിൽ നിന്നും ആടുകളെ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ അട്ടപ്പാടി ബ്ലാക്ക് ഇനത്തിൽപ്പെട്ട ആടുകളെയല്ല വാങ്ങിയിട്ടുള്ളതെന്നു കാണുന്നു. അപാകത സൂചിപ്പിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/19.11.2018-ക്കു മറുപടിയായി സർക്കാർ നിർദ്ദേശം വരുന്നതിന് മുമ്പ് തയ്യാറാക്കിയ പ്രൊജക്ട് ആയതിനാലാണ് അപാകത സംഭവിച്ചിട്ടുള്ളതെന്നും അപാകതകൾ ഭാവിയിൽ ആവർത്തിക്കില്ല എന്നും അറിയിച്ചു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-11 ആശ്രയ പദ്ധതി-ലക്ഷ്യങ്ങൾ കൈവരിച്ചില്ല

2016-2019 കാലയളവിലേക്കുള്ള രണ്ടാം ഘട്ട പദ്ധതിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. വികസനഫണ്ട് പിൻവലിച്ച് ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ലെന്ന്, മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. പദ്ധതി അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പ് ഉണ്ടായിരുന്നിട്ടും 2017-18 വർഷത്തിലും 500000 രൂപ വികസനഫണ്ട് പിൻവലിച്ച് ആശ്രയ പദ്ധതി അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. 02.11.2017ന് പുതിയതായി ഒരു അക്കൗണ്ട് തുടങ്ങുകയും (A/C No.2899, വിജയാ ബാങ്ക്, നിലമ്പൂർ) 2016-17 ൽ ലഭിച്ച വികസനഫണ്ട് 1000000രൂപ പഴയ അക്കൗണ്ടിൽ നിന്നും (A/C No.2012, വിജയാ ബാങ്ക്, നിലമ്പൂർ) പിൻവലിച്ച് പുതിയ അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടിൽ നിന്നും ഓഡിറ്റ് വർഷത്തിൽ താഴെപ്പറയും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| ഇനം | ചെലവ് |
|---|---|
| വീട് നിർമ്മാണം | 425000 |
| പോഷകാഹാര കിറ്റ് | 278400 |

അതിജീവനാവശ്യങ്ങൾക്ക് ചലഞ്ച് ഫണ്ട് ചെലവഴിക്കുന്നതിനു പകരം വികസനഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഓഡിറ്റ് കാലയളവിൽ പഴയ അക്കൗണ്ട് ക്ലോസ് ചെയ്ത് ബാലൻസ് തുക പുതിയ അക്കൗണ്ടിലേക്ക് ചേർത്തിട്ടുണ്ട്. 03.11.2018ന് ആകെ 2645749 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. വികസനഫണ്ട്, ചലഞ്ച്ഫണ്ട് എന്നിവയുടെ കൃത്യമായ നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല. നീക്കിയിരിപ്പിൽ കൃത്യത വരുത്തി, പോഷകാഹാര കിറ്റിനായി ചെലവഴിച്ച 278400 രൂപ ചലഞ്ച് ഫണ്ടിൽ നിന്നുള്ള ചെലവായി ക്രമീകരിക്കേണ്ടതാണ്. ആവശ്യത്തിന് ഫണ്ട് ലഭ്യമായിരുന്നിട്ടും പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന് വ്യക്തമാണ്. ഓരോ വർഷവും ഫണ്ട് നീക്കിവെയ്ക്കുന്നുണ്ടെങ്കിലും, തുക പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്താക്കളുടെ മുഴുവൻ അടിസ്ഥാന അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെട്ടിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ പുരോഗതി, പ്രശ്നങ്ങൾ എന്നിവ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തതായി കാണുന്നില്ല. പദ്ധതിയുടെ നിർവ്വഹണത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ.ഉ.(എം.എസ്) നം.252/2017/തസ്വഭവ 12.12.2017 – അഗതി രഹിത കേരളം - മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയതായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. നീക്കിയിരിപ്പുള്ള തുക വിനിയോഗിച്ചാണ് പദ്ധതി തയ്യാറാക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഫലപ്രദമായി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-12 ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് /തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല.

വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ധനസഹായം കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നവ പൂർത്തീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ(എം.എസ്)80/2017/ തസ്വഭവ തീ.03.04.2017 സബ്സിഡി മാർഗ്ഗരേഖയിലൂടെ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പൂർത്തീകരിക്കുന്നതിനുള്ള പരമാവധി തുക, വിവിധ ഘട്ടങ്ങൾ എന്നിവ സംബന്ധിച്ചുള്ള മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷന്റെ നം.എൽ.എഫ് 2/511/2017 തീ.25.04.2018 പ്രകാരവും വ്യക്തമായ മാർഗ്ഗനിർദ്ദേശം ലഭിച്ചിട്ടുണ്ട്. നഗരസഭയിൽ ഇതനുസരിച്ച് പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയതിന്റെ വിവരം (ഡി.ഡി.നം./തീ) |
|---|---|---|
| ജയലക്ഷ്മി പടവെട്ടി | 15000 (1ഗഡു) | 672173/10.04.2013 |
| ഹസീന ജാസ്മിൻ | 15000 (1ഗഡു) | 671327/10.04.2013 |
| ഹസീന അബ്ദുൾ മജീദ് | 15000 (1ഗഡു) | 671328/10.04.2013 |
| പി.ടി.സുനിത | 15000 (1ഗഡു) | 671378/10.04.2013 |

| | | |
|---|---|---|
| നസീബ കുരുവാൻ കുന്നത്ത് | 15000 (1ഗഡു) | 671411/10.04.2013 |
| ഷമീർ പുന്നറാട്ടിൽ | 15000 (1ഗഡു) | 672205/18.04.2013 |
| ഉഷ കൈതക്കൽ | 15000 (1ഗഡു) | 671458/10.04.2013 |
| കമലം പഴംപാലക്കോട് | 15000 (1ഗഡു) | 671474/10.04.2013 |
| രാജേഷ് തോങ്ങോടൻ | 15000 (1ഗഡു) | 672140/18.04.2013 |
| പുഷ്പലത മരുതൻ | 15000 (1ഗഡു) | 672149/18.04.2013 |
| രജിത പാണക്കാടൻ | 15000 (1ഗഡു) | 672161/18.04.2013 |
| കൃഷ്ണദാസ്.പാലപ്പറ്റ | 80000 (2 ഗഡു) | 60000-946089/23.11.13 |
| അഫ്സൽ ബാബു ചീനിക്കൽ | 55000 (2 ഗഡു) | 20000-510567/15.02.14 |
| ചന്ദ്രിക മുടന്തല | 80000 (2 ഗഡു) | 60000-948332/01.01.14 |
| സുബൈദ ഓടക്കൽ | 120000 (2 ഗഡു) | 75000---28/7/17(TC) |

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൈപ്പറ്റിയ ധനസഹായം പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

# 3-13 ബയോ ഗ്യാസ് പ്ലാന്റ് - സബ്സിഡിയിനത്തിൽ അധിക തുക അനുവദിച്ചു

ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് അനുവദിക്കാവുന്ന 50% സബ്സിഡി ധനസഹായത്തിന് പകരം 75% സബ്സിഡി അനുവദിച്ചതിലൂടെ 30,600 രൂപയുടെ നഷ്ടമുണ്ടായി. ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ വികേന്ദ്രീകരണമാലിന്യ സംസ്കരണം - ഗാർഹിക പദ്ധതിയിലാണ് (പ്രോജക്റ്റ് നമ്പർ 266/18) ഇപ്രകാരം നഷ്ടം ഉണ്ടായത്.

ഈ പ്രോജക്റ്റ് പ്രകാരം യൂണിറ്റൊന്നിന് 10,500/- രൂപ ചെലവ് വരുന്ന 70 ബയോഗ്യാസ് യൂണിറ്റുകൾ സ്ഥാപിച്ച് നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. പ്രോജക്റ്റിന്റെ ധനകാര്യ വിശകലനം ചുവടെ കൊടുക്കുന്നു.

വികസന ഫണ്ട് - 1,83,750

ശുചിത്വ മിഷൻ ഫണ്ട് - 3,67,500

ഗുണഭോക്തൃ വിഹിതം - 1,83,750

**ആകെ - 7,35,000**

ബയോഗ്യാസ് പ്ലാന്റിന്റെ നിർവ്വഹണ ഏജൻസിയായ റെയ്ഡ്കോയുടെ 27-03-18 -ലെ NLBR/604/17-18 നമ്പർ ഇൻവോയ്സ് പ്രകാരം 12 പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. യൂണിറ്റൊന്നിന് 10,350/- രൂപ നിരക്കിൽ ആകെ 1,24,200 രൂപ ഈയിനത്തിൽ താഴെ പറയും വിധം ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി | തുക |
|---|---|
| H1/4/17-18/28-03-18 - | 31,500 (വികസന ഫണ്ട്) |
| 634146/31-03-18 - | 31,500 (ഗുണഭോക്തൃ വിഹിതം) |
| 306564/31-03-18 - | 61,200 ( ശുചിത്വ മിഷൻ ഫണ്ട് ) |
| | **1,24,200** |

2017-18 ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (എം.എസ്) 80/17/ ത. സ്വ.ഭ.വ തീയതി: 03-04-17 പ്രകാരം ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് പൊതു വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് പരമാവധി നൽകാവുന്ന സബ്സിഡി, യൂണിറ്റ് നിരക്കിന്റെ 50% മാത്രമാണ്. ആയത് പ്രകാരം ഗുണഭോക്തൃ വിഹിതം 62,100 (124200 x 50%) രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 31,500 രൂപയേ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുള്ളൂ. അപാകതക്ക് വിശദീകരണം

ആവശ്യപ്പെട്ട് 16-11-18 -ന് നൽകിയ 1 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 22-11-18 -ന് മറുപടി നൽകുകയുണ്ടായി. പ്രസ്തുത മറുപടിയിൽ 2011-12 വർഷത്തിൽ 385 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ സാങ്കേതികാനുമതിയും ശുചിത്വ മിഷൻ വിഹിതവും അനുവദിച്ചതാണെന്നും, ആയതിന് 50% ശുചിത്വ മിഷൻ വിഹിതവും 25% നഗരസഭാവിഹിതവും 25% ഗുണഭോക്തൃ വിഹിതവുമാണ് വകയിരുത്തിയതെന്നും ഗുണഭോക്താക്കളുടെ എണ്ണം കുറവായതിനാൽ പദ്ധതി നീണ്ടുപോവുകയാണുണ്ടായതെന്നുമാണ് അറിയിച്ചിട്ടുള്ളത്.

ഓരോ സാമ്പത്തിക വർഷവും ഓരോ ഇനത്തിനും ബാധകമായ സബ്സിഡി നിരക്ക് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതിനാൽ 11 -ാം പദ്ധതി കാലയളവിൽ തുടങ്ങിയ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കാതെ 13 -ാം പദ്ധതി കാലയളവിലും പഴയ നിരക്കിൽ തന്നെ സബ്സിഡി അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല.

ആയതിനാൽ ശുചിത്വ മിഷൻഫണ്ടിൽ നിന്നും അധികം നൽകിയ 30,600 രൂപ അതാത് ഗുണഭോക്താക്കളിൽ നിന്നും തുല്യമായി ഈടാക്കുകയോ അല്ലാത്ത പക്ഷം നഷ്ടോത്തരവാദിയായ ഹെൽത്ത് ഓഫീസറിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-14 ലാപ് ടോപ്പ് വിതരണം - ചെലവ് രേഖകൾ ലഭ്യമല്ല

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (278/18) എന്ന പ്രോജക്ടിന്റെ ഭാഗമായി 28-06-17 -ലെ 1/17-18 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും 7,40,536/- രൂപയും 28-06-17 -ലെ 2/17-18 നമ്പർ ബിൽ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 9,464 രൂപയും പിൻവലിച്ചിട്ടുണ്ട്. പ്രോജക്റ്റുമായി ബന്ധപ്പെട്ട് TR.59(E) ബിൽ കോപ്പി മാത്രമാണ് പരിശോധനക്കായി ഹാജരാക്കിയിട്ടുള്ളത്.താഴെ പറയുന്ന രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല.

1- വാർഡ് സഭയുടെ സാധൂകരണം ലഭിച്ച ഗുണഭോക്തൃ ലിസ്റ്റ്.

2- ഗുണഭോക്താക്കളുടെ അപേക്ഷ

3- ജാതി സർട്ടിഫിക്കറ്റ്

4- സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം

5- പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളാണെങ്കിൽ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെ രേഖ

6- പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് കൈപ്പറ്റിയിട്ടില്ലെന്ന് കാണിക്കുന്ന, ജില്ലാ പട്ടിക ജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം

7-റേഷൻകാർഡിന്റെ പകർപ്പ്

8- ആധാറിന്റെ പകർപ്പ്

9- ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട ഫയൽ

10- ലാപ്ടോപ്പ് വിതരണം ചെയ്ത സ്ഥാപനത്തിന്റെ കൈപ്പറ്റ്

11- വിദ്യാർത്ഥികളുടെ കൈപ്പറ്റ്

രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് 21-11-18 -ന് നൽകിയ 10- ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ 7,50,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-15 എസ്.എസ്.എ വിഹിതം - കൈപ്പറ്റ്, തുക വിനിയോഗ വിവരം എന്നിവ ലഭ്യമല്ല

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ എസ്.എസ്.എ വിഹിതം അടവാക്കുന്നതിനായി (പ്രോജക്റ്റ് നമ്പർ 246/18) വികസന ഫണ്ടിൽ നിന്നും 03-08-17 -ലെ 3/17-18 നമ്പർ ബിൽ പ്രകാരം 10,00,000 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ മേൽ വിഹിതം കൈപ്പറ്റിയതിന്റെ രസീത്, തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്കായി ഹാജരാക്കാനാവശ്യപ്പെട്ട് 21-11-18 -ന് നൽകിയ 11- ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ 10,00,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-16 എങ്ങുമെത്താതെ മാലിന്യ സംസ്കരണം

അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി തൻവർഷം രണ്ട് പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നെങ്കിലും നിർവ്വഹണ ഘട്ടത്തിലുണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം ലക്ഷ്യം കൈവരിക്കാനായില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**<u>1- പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ - ബെയ്ലിംഗ് യൂണിറ്റ് സ്ഥാപിക്കൽ</u>**

ഉറവിടത്തിൽ വെച്ച് സംസ്കരിക്കാൻ സാധിക്കാത്ത അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി, വികസന ഫണ്ടിൽ നിന്നും 10,00,000 രൂപ വകയിരുത്തി തയ്യാറാക്കിയ പ്രോജക്റ്റാണ് 414/18 -'പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ - ബെയ്ലിംഗ് യൂണിറ്റ് 'സ്ഥാപിക്കൽ. ഭരണ സമിതിയുടെ 19-02-17 -ലെ 14 -ാം നമ്പർ തീരുമാന പ്രകാരം, ചെട്ടിയങ്ങാടിയിൽ നിലവിൽ പ്രവർത്തിക്കുന്ന മത്സ്യവ്യാപാരം പുതിയ കെട്ടിടത്തിലേക്ക് മാറ്റിയതിന് ശേഷം ഷ്രെഡിംഗ് & ബെയ്ലിംഗ് മെഷീൻ മത്സ്യ മാർക്കറ്റിന്റെ പഴയ കെട്ടിടത്തിൽ സ്ഥാപിക്കാനായിരുന്നു പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്നത്. ഈ പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസിയായ ക്ലീൻ കേരള കമ്പനിയുമായി പ്രസ്തുത മെഷീനറികൾ സ്ഥാപിക്കാൻ 10-01-2018 -ന് കരാർ ചമച്ചിട്ടുണ്ട്. എന്നാൽ മത്സ്യ വകുപ്പിന്റെ ധനസഹായത്തോടെ നിർമ്മിച്ച പ്രസ്തുത കെട്ടിടം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്ന നിർദ്ദേശം ലഭിച്ചതിനാൽ പ്രസ്തുത യൂണിറ്റ് അവിടെ സ്ഥാപിക്കാൻ സാധിച്ചില്ല.

പ്രസ്തുത സ്ഥലം ലഭ്യമല്ലാത്തതിനാൽ നഗരസഭയുടെ പുതിയ കെട്ടിടം സ്ഥാപിക്കുന്ന വളപ്പിൽ നിർമ്മിതി കേന്ദ്ര ബിൽഡിംഗിനോട് ചേർന്ന് മെഷീൻ സ്ഥാപിക്കാൻ ഭരണസമിതി തീരുമാനിക്കുകയും ആവശ്യമായ ചെലവ് സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ പിന്നീട് മുനിസിപ്പൽ എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ നിലവിൽ ഫയർ സ്റ്റേഷൻ വളപ്പിലെ നിർമ്മിതി കേന്ദ്ര ബിൽഡിംഗിന്റെ ഒരു ഭാഗം ഫയർ സ്റ്റേഷൻ ഓഫീസുമായി ബന്ധപ്പെട്ട് കിച്ചണായി ഉപയോഗിച്ച് കൊണ്ടിരിക്കുകയാണ്. ഫയർ സ്റ്റേഷൻ ഓഫീസ് അവിടെ നിന്നും മാറ്റിയ ശേഷമേ നിർമ്മിതി കേന്ദ്ര കെട്ടിടവും അതിനോട് ചേർന്ന തുറന്ന ഷെഡും ഈ ആവശ്യത്തിനായി ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ.

സാങ്കേതിക തടസ്സങ്ങൾ കാരണം മെഷീനറികൾ സ്ഥാപിക്കാൻ വൈകുന്നതിനാൽ 28-05-14 -ലെ സ.ഉ.(എം.എസ്) 93/14/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഷ്രെഡിംഗ് & ബെയ്ലിംഗ് മെഷീനുകൾ സ്ഥാപിക്കാൻ ക്ലീൻ കേരള കമ്പനി ആവശ്യപ്പെട്ട 9,82,943 രൂപയുടെ 40 ശതമാനമായ 3,93,177 രൂപ 28-03-18 -ലെ H1/2/17-18 നമ്പർ ബിൽ പ്രകാരം പിൻവലിച്ച് നിർവ്വഹണോദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസർ ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ഓഡിറ്റ് തീയതി വരെയും മെഷീനുകൾ സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ എങ്ങുമെത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 16-11-18 – ന് നിർവ്വഹണോദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസർക്ക് നൽകിയ 2 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, 2018-19 വർഷത്തിൽ മെഷീനറികൾ സ്ഥാപിക്കാനുള്ള കെട്ടിടത്തിനായി 5,19,000 രൂപയുടെ പ്രോജക്ട് വെച്ചിട്ടുണ്ടെന്നും ആയതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. മെഷീനറികൾ സ്ഥാപിക്കാൻ ഇനിയും കാലതാമസം വരുമെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. വ്യക്തമായ ആസൂത്രണമില്ലായ്മയും സ്ഥല ലഭ്യത സംബന്ധിച്ച് സാധ്യതാ പഠനത്തിന്റെ അഭാവവുമാണ് നിർവ്വഹണ ഘട്ടത്തിൽ ഇത്തരത്തിലുള്ള പ്രതിസന്ധി നേരിടാനിടയാക്കിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ മെഷീനറികൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാകുന്നത് വരെ ക്ലീൻ കേരള കമ്പനിക്ക് മുൻകൂറായി നൽകിയ **3,93,177** രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

**<u>2- ക്ലീൻ ഗ്രീൻ നിലമ്പൂർ</u>**

മേൽ പ്രോജക്ടിന് അനുബന്ധമായി തയ്യാറാക്കിയ പ്രോജക്റ്റാണ് ക്ലീൻ ഗ്രീൻ നിലമ്പൂർ (പ്രോജക്റ്റ് നമ്പർ 244/18). ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 4,00,000 രൂപ വകയിരുത്തിയ ഈ പ്രോജക്ടിൽ മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഹരിത കർമ്മസേന രൂപീകരിച്ച് നഗരസഭ പരിധിയിലുള്ള വീടുകളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും, ഇപ്രകാരം ശേഖരിച്ച അജൈവ മാലിന്യങ്ങൾ നഗരസഭ തയ്യാറാക്കിയിട്ടുള്ള മെറ്റീരിയൽ റിക്കവറി സെന്ററുകളിൽ എത്തിച്ച് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, ബെയ്ലിംഗ് യൂണിറ്റ് എന്നീ സംവിധാനങ്ങൾ ഒരുക്കി അജൈവമാലിന്യങ്ങൾ അവിടെ വെച്ച് സംസ്കരിക്കുകയും ചെയ്യുക എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്.

നഗരസഭയുടെ ഉടമസ്ഥതയിൽ മുതുകാട് എന്ന സ്ഥലത്ത് സ്വന്തമായുള്ള ഒരേക്കർ സ്ഥലത്ത് മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കാനായിരുന്നു പദ്ധതിയിട്ടിരുന്നത്. എന്നാൽ പൊതു ജനങ്ങളുടെ എതിർപ്പ് കാരണം പ്രസ്തുത സ്ഥലത്ത് മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കാൻ സാധിച്ചില്ല. ഇതിനെ തുടർന്ന് നിർവ്വഹണ ഏജൻസിയായ 'ശുദ്ധി സൊല്യൂഷൻസ് ' എന്ന കുടുംബശ്രീ യൂണിറ്റ് മുതുകാട് ഗ്യാസ് ഗോഡൗണിന് സമീപം ഒരു സ്വകാര്യ വ്യക്തിയുടെ ഗോഡൗൺ താൽക്കാലികമായി മെറ്റീരിയൽ റിക്കവറി സെന്ററായി ഉപയോഗിച്ച് വരുകയാണ്. പ്രസ്തുത ഗോഡൗൺ ഒരു മാസത്തിനകം ഒഴിഞ്ഞ് കൊടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് 22-11-18 – ന് നടത്തിയ സ്ഥല പരിശോധന വേളയിൽ ശുദ്ധി സൊല്യൂഷൻസ് കോ- ഓർഡിനേറ്റർ ശ്രീ.ജിതിൻ അറിയിച്ചത്. ഫലത്തിൽ ക്ലീൻ ഗ്രീൻ നിലമ്പൂർ എന്ന പ്രോജക്ടും പാതി വഴിയിൽ നിലച്ച് പോകുന്ന അവസ്ഥയാണുള്ളത്.

അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ 10,000 നോൺ വൂവൻ ചാക്കുകൾ വാങ്ങുക എന്നതായിരുന്നു ഈ പ്രോജക്റ്റിന്റെ പ്രധാന ചെലവ്. ഇതിനായി അപ്സര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്കിൽ ഡെവലപ്പ്മെന്റ് & മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ 27-03-18 -ലെ 42 -ാം നമ്പർ ഇൻവോയ്സ് പ്രകാരം 10,000 ചാക്കുകൾ വാങ്ങിയിട്ടുണ്ട്. 31-03-18 -ലെ H1/5/17-17 നമ്പർ ബിൽ പ്രകാരം പിൻവലിച്ച 3,90,000 രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിനായി ഹാജരാക്കിയ ഇഷ്യൂ രജിസ്റ്റർ പ്രകാരം 1630 ചാക്കുകൾ ശുദ്ധി സൊല്യൂഷൻസിന് കൈമാറിയിട്ടുണ്ടെങ്കിലും 800 – ചാക്കുകളാണ് നാളിതുവരെ ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുള്ളത്. 8370 ചാക്കുകൾ ഇപ്പോഴും നിർവ്വഹണോദ്യാഗസ്ഥൻ സൂക്ഷിച്ചിരിക്കുകയാണ്.

അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനോട് പൊതു ജനങ്ങൾ വിമുഖത കാണിക്കുന്നതാണ് പ്രോജക്റ്റ് നിർവ്വഹണത്തിലെ പ്രധാന വെല്ലുവിളിയെന്ന് 23-11-18 -ൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ ചെയർപേഴ്സൺ അറിയിക്കുകയുണ്ടായി. മെറ്റീരിയൽ റിക്കവറി സെന്റർ മുതുകാട് സ്ഥാപിക്കാൻ സാധിക്കാത്ത പക്ഷം ഷ്രെഡിംഗ് & ബെയ്ലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനോടനുബന്ധിച്ച് നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും പൊതു ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തി മുഴുവൻ കുടുംബങ്ങളേയും പ്രോജക്റ്റിന്റെ ഗുണഭോക്താക്കളാക്കി മാലിന്യസംസ്കരണ പദ്ധതികൾ ലക്ഷ്യത്തിലെത്തിക്കേണ്ടതുമാണ്.

അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കാതെ നോൺ വൂവൻ ചാക്കുകൾ വാങ്ങിയ നടപടി ഉചിതമായില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വാങ്ങിയ ചാക്കുകളുടെ 90%- വും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്ത സാഹചര്യത്തിൽ ആയതിനായി ചെലവഴിച്ച 3,90,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-17 കരാർ കാലാവധിക്ക് ശേഷം ചെയ്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചു; 14,20,432 രൂപയുടെ അനധികൃത ചെലവ്.

<u>നി.ഉദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ</u>

താഴെ പറയുന്ന പ്രവൃത്തികൾ, കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാരൻ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷിക്കുകയോ കരാറുകാരന് അപ്രകാരം അനുമതി നൽകുകയോ ചെയ്തിട്ടുമില്ല.

GO(P)No. 13/2012/PWD/01-01-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2012, 2001-1 എന്നിവ പ്രകാരം കരാറുകാരൻ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും എഞ്ചിനീയർ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പരമാവധി കരാർ കാലാവധിയുടെ 50% വരെ ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. കരാറുടമ്പടി വ്യവസ്ഥ ചെയ്ത സമയത്തിനുള്ളിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി എഞ്ചിനീയർ മുഖേന ഒറിജിനൽ കാലാവധിക്കകം അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാക്കാതെ ഒറിജിനൽ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണെന്നും അത്തരം പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ലയെന്നും മേൽ ഉത്തരവിലെ 2112-1 ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾ ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം പൂർത്തീകരിക്കുകയോ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ, എഞ്ചിനീയർ മുഖേന അപേക്ഷിക്കുകയോ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. എന്നിട്ടും ഒറിജിനൽ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾക്ക് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

വിശദാംശം താഴെകൊടുക്കുന്നു.

**1) തെക്കുംപാടം പരത റോഡ് 394/14,325/18**

അടങ്കൽ: 260000 രൂപ

കരാറുകാരൻ: P M ഖലീൽ

കരാർ: 111/13-14/6-12-13 (ER)

കരാർ തുക: 257874 രൂപ

അളവ് പുസ്തകം: 88/14-15

പൂർത്തീകരിക്കേണ്ട തീയതി: 5-3-14 (6-12-13 മുതൽ 3 മാസം)

കരാർ കാലാവധി: 3 മാസം

പൂർത്തീകരിച്ചതീയതി: 30-3-15 (അളവ് പുസ്തകം പേജ് 11)

ചെലവ്: 260000 രൂപ

മൂല്യനിർണ്ണയം- 260000

(1)അലോട്മെന്റ് 200000(ട്രഷറി ബിൽ നംപർ 6/15-16/15-6-15)

(-) നികുതി. 12000

കരാറുകാരന് 188000

മൂല്യനിർണ്ണയം- 260000

(-)(1)അലോട്മെന്റ് 200000

(2)അലോട്മെന്റ് 60000 (ട്രഷറി ബിൽ നംപർ 78/17-18/19-9-17)

(-) നികുതി. 3600

കരാറുകാരന് 56400

കരാർ കാലാവധിക്ക് ശേഷം ചെയ്ത പ്രവൃത്തി:

മുഴവൻ പ്രവൃത്തിയും കരാർ കാലാവധിക്ക് ശേഷമാണ് തുടങ്ങിയത്. ആദ്യ അളവെടുത്തത് 12-1-15ന് (അളവ് പുസ്തകം പേജ് 3)

**2) ആശുപത്രി മോർച്ചറി റോഡ് റീ ടാറിംഗ് .439/15,395/18**

അടങ്കൽ: 700000 രൂപ

കരാറുകാരൻ: അൻവർ സാദത്ത്

കരാർ: 145/14-15/2-3-15 (ER)

കരാർ തുക: 684618 രൂപ

അളവ് പുസ്തകം: 21/15-16

പൂർത്തീകരിക്കേണ്ട തീയതി: 31-3-16

പൂർത്തീകരിച്ചതീയതി: 17-4-17(അളവ് പുസ്തകം പേജ് 28)

ചെലവ്: 667887 രൂപ

മൂല്യനിർണ്ണയം-(part bill) 377806

(1)അലോട്മെന്റ് 307806(ട്രഷറി ബിൽ നംപർ 176/15-16/16-1-16)

(-) നികുതി. 18468

കരാറുകാരന് 289338

മൂല്യനിർണ്ണയം- (final bill) 667887

(-)(1)അലോട്മെന്റ് 307806

(2)അലോട്മെന്റ് 360081(ട്രഷറി ബിൽ നംപർ 72/17-18/19-917)

(-) നികുതി. 21605

കരാറുകാരന് 338476

കരാർ കാലാവധിക്ക് ശേഷം ചെയ്ത പ്രവൃത്തി:

| ഇനം | തുക |
|---|---|
| 8 | 8896.93 |
| 9 | 32510.40 |
| 10 | 1296.08 |

| | |
|---|---|
| 11 | 14892.00 |
| 12 | 72382.00 |
| 13 | 31790.96 |
| ആകെ | 161768.37 |

**3) കഞ്ഞിപ്പുരയിൽ ഫുട്പാത്ത് പുനരുദ്ധാരണം. 172/15,327/1 8**

അടങ്കൽ: 390000 രൂപ

കരാറുകാരൻ: അൻവർ സാദത്ത്

കരാർ: 20/14-15/28-11-14 (ER)

കരാർ തുക: 388513 രൂപ

അളവ് പുസ്തകം: 144/15-16

പൂർത്തീകരിക്കേണ്ട തീയതി: 27-2-15

പൂർത്തീകരിച്ച തീയതി: 1-3-16 (അളവ് പുസ്തകം പേജ് 6)

ചെലവ്: 373664 രൂപ

മൂല്യനിർണ്ണയം- 373664

(1)അലോട്മെന്റ് 159000(ട്രഷറി ബിൽ നംപർ 224/15-16/15-3-16)

(-) നികുതി. 9540

കരാറുകാരന് 149460

മൂല്യനിർണ്ണയം- 373664

(-)(1)അലോട്മെന്റ് 159000

(2)അലോട്മെന്റ് 214664(ട്രഷറി ബിൽ നംപർ 75/17-18/19-917)

(-) നികുതി. 12881

കരാറുകാരന് 201783

കരാർ കാലാവധിക്ക് ശേഷം ചെയ്ത പ്രവൃത്തി:

മുഴവൻ പ്രവൃത്തിയും കരാർ കാലാവധിക്ക് ശേഷമാണ് തുടങ്ങിയത്. ആദ്യ അളവെടുത്തത് 5-1-16ന് (അളവ് പുസ്തകം പേജ് 2)

**4) നെടുമുണ്ടക്കുന്ന് റോഡ് ഡ്രൈനേജ് കലുങ്ക് നിർമാണം 310/14,324/18**

അടങ്കൽ: 625000 രൂപ

കരാറുകാരൻ: അയൂബ് സി.

കരാർ: 89/13-14/13-11-13 (ER)

കരാർ തുക: 625000 രൂപ

അളവ് പുസ്തകം: 93/13-14

പൂർത്തീകരണ കാലാവധി 3 മാസം

പൂർത്തീകരിക്കേണ്ട തീയതി: 12-2-14 (13-11-13 മുതൽ 3 മാസം)

പൂർത്തീകരിച്ചതീയതി: 1-3-16 (അളവ് പുസ്തകം പേജ് 6)

ചെലവ്: 625000

മൂല്യനിർണ്ണയം- 625000

(-) part bill 450000

ബാക്കി 175000(ട്രഷറി ബിൽ നംപർ 112/17-18/26-9-17)

(-) നികുതി. 10500

കരാറുകാരന് 164500

കരാർ കാലാവധിക്ക് ശേഷം ചെയ്ത പ്രവൃത്തി:

മുഴുവൻ പ്രവൃത്തിയും കരാർ കാലാവധിക്ക് ശേഷമാണ് തുടങ്ങിയത്. ആദ്യ അളവെടുത്തത് 28-2-14ന് (അളവ് പുസ്തകം പേജ് 1)

**ആകെ ചെലവ്: 14,20,432 രൂപ (260000+161768+373664+625000)**

മേൽ പ്രകാരം അനധികൃത പ്രവൃത്തികൾക്ക് കരാറുകാർക്ക് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 29/23-11-18 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അനധികൃത പ്രവൃത്തികൾക്ക് കരാറുകാർക്ക് നൽകിയ 14,20,432 രൂപ തിരികെ ഈടാക്കി അക്കാര്യം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

# 3-18 ഷീറ്റ് മേയലിന് അധികനിരക്ക് നൽകി. നഷ്ടം 61024 രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ജി.ഐ / അലുമിനിയം പൗഡർ കോട്ടോട്ടു കൂടിയ 0.80 mm കനമുള്ള പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ച് മേയുന്നതിന് ഇനം 12.1.2 പ്രകാരമുള്ളതിന് 1114.52/m2 നിരക്കാണ് (DSR 2014, 36.19 % കോസ്റ്റ് ഇൻഡെക്സും 7.5 ശതമാനം C.P + O.H ഉൾപ്പടെ) മൂല്യനിർണ്ണയ തുകയിൽ അംഗീകരിച്ച് നൽകിയിട്ടുള്ളത്. എന്നാൽ ഇത്രയും കനത്തിലുള്ള ഷീറ്റ് മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ പ്രൈസ്സിൽ OD 166211/16-17 ആയി 559/m2 എന്ന നിരക്ക് ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആയത് പരിഗണിക്കാതെ നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട് .

പ്രൊജക്ട്/ചെലവ് വിവരം ചുവടെ ചേർക്കുന്നു.

1.

| | | | |
|---|---|---|---|
| പ്രോജക്ട് നം /പേര് | 386/17,142/18. പാത്തിപ്പാറ ആരോഗ്യ ഉപകേന്ദ്രം അറ്റകുററപ്പണി | കൺവീനർ | അനസ് എം കെ |
| ചെലവ് | 419025 | ബില്ല് | 44/17-18/30-6-17 Rs 401903<br>45/17-18/30-6-17 Rs.17122 |
| എംബുക്ക് | 125/16-17,150/16-17 | എഗ്രിമെന്റ് | 29A/16-17/19.1.17 |

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR 4.3.1 @36.19 cost index | അനുവദിച്ചത് DSR 5.9.6 @36.19 cost index | അധികം |
|---|---|---|---|---|
| പ്രൊഫൈൽ ഷീറ്റ് (എസ്റ്റിമേറ്റ് ഇനം 4) | 109.85 $M^2$ | 559/എം2 =61406.15 | 1114.52/$M^2$ =122430.02 | 61024/- രൂപ |

അധിക ചെലവ് 61024/-രൂപ അധികനിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 30/23-11-18 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 61024 രൂപ കൺവീനറിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. 21-11-2018 ന് ME യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഇക്കാര്യം ബോധ്യപ്പെടുകയും ME ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## 3-19 ഫോം വർക്കിന് അധിക നിരക്ക് അനുവദിച്ചു.നഷ്ടം 76,353 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ;മുനിസിപ്പൽ എഞ്ചിനീയർ.

2017-18 വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡ്രയിനേജ് സൈഡ് കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 4.3.2, പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തി പ്ലിന്ത് ലെവൽ വരെ മാത്രമുള്ളതായതിനാൽ DSR Code 4.3.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളൂ. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം വന്ന അധിക ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

**1) മയ്യന്താണി റോഡ് ഡ്രൈനേജ് നിർമാണം. 4-7/17,151/18**

അടങ്കൽ: 261780 രൂപ

കരാറുകാരൻ: ബിനീഷ് എം

കരാർ: 97/16-17/13-3-17 (ER)

അളവ് പുസ്തകം: 87/16-17

മൂല്യനിർണ്ണയം- 253307 (ട്രഷറി ബിൽ നമ്പർ 28/17-18/20-7-17)

(-) നികുതി. 15198

കരാറുകാരന് 238109

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2014) 4.3.1 @36.19 cost index | അനുവദിച്ചത് DSR 4.3.2 @36.19 cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(4) | 76.24$M^2$ | 267.54/എം2 = 20397.24 | 491.37/$M^2$ =37462.05 | 17065രൂപ |

**2) വൃന്ദാവൻ റോഡ് ഡ്രൈനേജ് നിർമാണം**

അടങ്കൽ: 245000 രൂപ

കൺവീനർ: ശ്യാം മഞ്ചു

കരാർ: 98A/16-17/14-3-17 (ER)

അളവ് പുസ്തകം: 148/16-17

മൂല്യനിർണ്ണയം- 203241(ട്രഷറി ബിൽ നംപർ 51/17-18/30-6-17)

(-) നികുതി. 14266

കൺവീനർക്ക്. 189015

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2014) 4.3.1 @36.19 cost index | അനുവദിച്ചത് DSR 4.3.2 @36.19 cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം 4) | 35.91$M^2$ | 250.09/എം2 =8980.73 | 459.33/$M^2$ = 16494.54 | 7514/- രൂപ |

**3) വല്ലപ്പുഴ ST കോളനി ഡ്രൈനേജ് നിർമാണം**

അടങ്കൽ: 390000 രൂപ

കൺവീനർ: പാറുക്കുട്ടി.

കരാർ: 94/16-17/3-3-17 (ER)

അളവ് പുസ്തകം: 126/16-17,147/16-17

മൂല്യനിർണ്ണയം- 381980

അലോട്മെന്റ് 360783(ട്രഷറി ബിൽ നംപർ 26/17-18/29-6-17)

(-) നികുതി. 25255

കൺവീനർക്ക്. 335528

മൂല്യനിർണ്ണയം- 381980

(-)അലോട്മെന്റ് 1 360783

ബാക്കി 21197(ട്രഷറി ബിൽ നംപർ 55/17-18/29-6-17)

(-) നികുതി. 1487

കൺവീനർക്ക്. 19713

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2014) 4.3.1 @36.19 cost index | അനുവദിച്ചത് DSR 4.3.2 @36.19 cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്‌വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം 4) | 129.09$M^2$ | 250.09/എം2 = 32284.11 | 459.33/$M^2$ =59294.91 | 27011/- രൂപ |

**4) CH കോളനി ഡ്രൈനേജ് പൂർത്തീകരണം**

അടങ്കൽ: 300000 രൂപ

കരാറുകാരൻ: ദിനേഷ് എം

കരാർ: 28/17-18/19-10-17 (ER)

അളവ് പുസ്തകം: 49/17-18

മൂല്യനിർണ്ണയം- 300000(ട്രഷറി ബിൽ നമ്പർ 160/17-18/23-1-18/17-18/)

(-) നികുതി. 6000

കരാറുകാരന് 294000

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2016) 4.3.1 @40.20 cost index | അനുവദിച്ചത് DSR(2016) 4.3.2 @ cost index 40.20 | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്‌വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം 4) | 95.65$M^2$ | 271.91/എം2 =26008.19 | 530.80/$M^2$ =50771 | 24763/- രൂപ |
| | | | **ആകെ** | **76353** |

ഉയർന്ന നിരക്ക് അനുവദിച്ചതിനും അധികച്ചെലവ് 76353/-രൂപ വരുത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 31/23-11-18 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ഡ്രൈനേജിന്റെ സൈഡ് വാളിന് പ്രത്യേകം ഫോം വർക്ക് price software ൽ നൽകിയിട്ടില്ലാത്തതിനാൽ സമാനമായ പ്രവൃത്തികൾക്ക് നൽകുന്ന 4-3-2 നൽകിയതാണെന്ന മറുപടി സ്വീകാര്യമല്ല. ആയതിനാൽ നഷ്ടം 76353 രൂപ കരാറുകാർ/ കൺവീനർമാരിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-20 "തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ" നിലമ്പൂർ നഗരസഭയിൽ -പ്രവർത്തനാവലോകനം

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ എന്ന വിഷയത്തിൽ നിലമ്പൂർ നഗരസഭയിൽ 14.2.2018 തീയതി മുതൽ 16.02.2018 വരെ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

<u>ഓഡിറ്റിന്റെ വ്യാപ്തി:</u>

മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയിലെ 2015-16, 2016-17, 2017-18 (31.12.2017വരെ) വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികൾ അവലോകനത്തിന് വിധേയമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

<u>ഓഡിറ്റിന്റെ ലക്ഷ്യം:</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ അർദ്ധ സർക്കാർ ഏജൻസികൾ, അതോറിറ്റികൾ, ബോർഡുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകുന്ന രീതിയാണ് നിലവിൽ അവലംബിച്ചു പോരുന്നത്. ഇത്തരം പ്രവൃത്തികൾ സുതാര്യമായും സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ട്. ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടാകുന്ന തടസ്സങ്ങളും പ്രയാസങ്ങളും ഒഴിവാക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ ലഭ്യമാക്കുന്നതിന് ഈ അവലോകനം ലക്ഷ്യം വെക്കുന്നു.

<u>പ്രൊഫോർമ-1</u>

<u>ഡെപ്പോസിറ്റ് പ്രവൃത്തികൾ- ആസൂത്രണത്തിലെ വിശദാംശങ്ങൾ</u>

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | പ്രോജക്റ്റ് വർഷം | ആവശ്യകത ഉയർന്ന തലം | തുക വകയിരുത്തിയത് Rough cost, Detailed Estimate ലഭ്യമായിട്ടാണോ ? |
|---|---|---|---|---|
| | | 2015-16ൽ നിക്ഷേപ പ്രവൃത്തികൾ ഒന്നും നടത്തിയിട്ടില്ല | | |
| 1. | 447/17 | 2016-17 | വർക്കിംഗ് ഗ്രൂപ്പ് വാർഡ് സഭ | ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല |
| 2. | 424/17 | 2016-17 | വർക്കിംഗ് ഗ്രൂപ്പ് വാർഡ് സഭ | ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല |
| 3. | 465/17 | 2016-17 | വർക്കിംഗ് ഗ്രൂപ്പ് വാർഡ് സഭ | ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല |
| 4. | 419/17 | 2016-17 | വർക്കിംഗ് ഗ്രൂപ്പ് വാർഡ് സഭ | ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല |
| 5. | 422/17 | 2016-17 | വർക്കിംഗ് ഗ്രൂപ്പ് വാർഡ് സഭ | ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല |
| 6. | 280/18 | 2017-18 | വർക്കിംഗ് ഗ്രൂപ്പ് വാർഡ് സഭ | ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല |

<u>പ്രൊഫോർമ-2</u>

<u>നിക്ഷേപ പ്രവൃത്തികൾ 2015-16,2016-17 വർഷങ്ങളിൽ രൂപീകരിച്ചതിന്റെയും നിർവ്വഹിച്ചതിന്റെയും വിശദാംശങ്ങൾ</u>

| ക്രമ നം. | പ്രോജക്റ്റ് നം | വർഷം | പ്രൊജക്റ്റിന്റെ പേര് | വിശദമായ എസ്റ്റിമേറ്റ്, പ്ലാൻ ലഭിച്ചു/ ഇല്ല | നിക്ഷേപിച്ച തുക | ബിൽ നം. തീയതി | തുക കൈ പ്പറ്റിയ സ്ഥാപനം | കരാർ ചമച്ചതിന്റെ വിവരം. | സൈറ്റ് കൈമാറിയതിന്റെ വിവരം | പൂർത്തീ കരിച്ചു/ ഇല്ല |
|---|---|---|---|---|---|---|---|---|---|---|
| 1 | 447/17 | 2016- | വിവിധ | വിശദാം | 138168 | 44/16- | കേരള | ഇല്ല | ഇല്ല | പൂർത്തീകരി |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | 17 | പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | ശങ്ങൾ ലഭ്യമല്ല | | 17<br>30-3-17 | വാട്ടർ അതോറിറ്റി | | | ച്ചിട്ടില്ല |
| 2 | 465/17 | 2016-17 | നെടുമുണ്ടക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ | വിശദാംശങ്ങൾ ലഭ്യമല്ല | 50000 | 46/16-17<br>30-3-17 | കേരള വാട്ടർ അതോറിറ്റി | ഇല്ല | ഇല്ല | പൂർത്തീകരിച്ചിട്ടില്ല |
| 3 | 424/17 | 2016-17 | അരുവാക്കോട് എസ് സി. കോളനി പൈപ്പ് ലൈൻ നീട്ടൽ | വിശദാംശങ്ങൾ ലഭ്യമല്ല | 560000 | 39/16-17<br>30-3-17 | കേരള വാട്ടർ അതോറിറ്റി | ഇല്ല | ഇല്ല | പൂർത്തീകരിച്ചിട്ടില്ല |
| 4 | 419/17 | 2016-17 | മുൻസിപ്പൽ ഏരിയയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | വിശദാംശങ്ങൾ ലഭ്യമല്ല | 160435 | 43/16-17<br>29-3-17 | കെ.എസ്.ഇ.ബി. | ഇല്ല | ഇല്ല | പൂർത്തീകരിച്ചിട്ടില്ല |
| 5 | 422/17 | 2016-17 | സമ്പൂർണ്ണ വൈദ്യുതീകരണം ലൈൻ നീട്ടൽ | വിശദാംശങ്ങൾ ലഭ്യമല്ല | 535053 | 9/16-17<br>27-2-17 | കെ.എസ്.ഇ.ബി. | ഇല്ല | ഇല്ല | പൂർത്തീകരിച്ചിട്ടില്ല |

**പ്രൊഫോർമ-3**

**നിക്ഷേപ പ്രവൃത്തികൾ 2015-16,2016-17 വർഷങ്ങളിൽ പൂർത്തീകരിച്ചവയുടെ വിശദാംശങ്ങൾ**

| ക്ര. നം | പ്രോജക്ട് നം | പ്രോജക്ട് വർഷം | കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | വിനിയോഗം ലഭിച്ചു/ ഇല്ല. | ബിൽ പകർപ്പ് ലഭിച്ചു/ ഇല്ല | ബാലൻസ് തുക ലഭിച്ചു / ഇല്ല. | സൈറ്റ് ഹാൻഡ് ഓവർ ചെയ്തു/ ഇല്ല. | മോണിറ്ററിംഗ് ഉണ്ട്/ ഇല്ല. | ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി/ ഇല്ല. | കമമീഷൻ ചെയ്തു/ ഇല്ല. |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 447/17 | 2016-17 | കരാർ വെച്ചിട്ടില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | 465/17 | 2016-17 | കരാർ വെച്ചിട്ടില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3 | 424/17 | 2016-17 | കരാർ വെച്ചിട്ടില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | 419/ 17 | 2016-17 | കരാർ വെച്ചിട്ടില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5 | 422/17 | 2016-17 | കരാർ വെച്ചിട്ടില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**പ്രൊഫോർമ-4**

**2017-18 വർഷത്തിൽ (31-12-2017 വരെ )തുക നിക്ഷേപിച്ച പ്രവൃത്തികളുടെ വിശദാംശം**

| ക്ര.നം. | പ്രോജക്ട് നം./ പേര് | വിശദമായ എസ്റ്റിമേറ്റ് ലഭിച്ചു/ ഇല്ല | നൽകിയ തുക / ബിൽ നം. | തുക നിക്ഷേപിച്ച സ്ഥാപനം | കരാർ ഉണ്ട്/ ഇല്ല | പൂർത്തീകരിച്ചു/ ഇല്ല | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|
| ........ഇല്ല...... | | | | | | | |

**ഓഡിറ്റ് നിരീക്ഷണം**

**1.** കുടിവെള്ളം, വൈദ്യുതി എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച ആവശ്യകത ഉയർന്നു വരുന്നത് വാർഡ് സഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും ആണ് എങ്കിലും ആയതിന്റെ വിശദമായ പഠനം, ആവശ്യകതയുടെ വ്യാപ്തി, മറ്റ് നടപടിക്രമങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രൊജക്ടുകളിലോ ബന്ധപ്പെട്ട മിനുട്സിലോ രേഖപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല.

2. പ്രൊജക്ടുകൾ സംബന്ധിച്ച റഫ്കോസ്റ്റ്/ഡീറ്റെയിൽഡ് എസ്റ്റിമേറ്റുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നില്ല.

3. ആസൂത്രണം മുതൽ തുക കൈമാറുന്നതു വരെയുള്ള ഘട്ടത്തിൽ നിയമപരമായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കരാർ ചമക്കാതെയാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. സൈറ്റ് രേഖാമൂലം കൈമാറിയിട്ടില്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുകയും ഇതു സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കിയിട്ടും ഇല്ല. ഇതു സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയിട്ടില്ല. വ്യക്തമായ കരാറിന്റെ അഭാവത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ അലംഭാവം വരുത്തുന്നുണ്ട്.

4. നിക്ഷേപ പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ ശരിയായി സൂക്ഷിക്കുന്നതിലും ആവശ്യമായ വിവരങ്ങൾ സമയബന്ധിതമായി പരിശോധനക്ക് ലഭ്യമാക്കുന്നതിനും ഫലപ്രദമായ സംവിധാനമില്ല.

<u>ഓഡിറ്റ് ശുപാർശകൾ</u>

1. പദ്ധതി ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖക്ക് വിധേയമായി വിശദമായ സാധ്യതാ പഠന റിപ്പോർട്ട്, ആവശ്യകത സംബന്ധിച്ച് വർഡ് സഭ, വർക്കിംഗ് ഗ്രൂപ്പ് മിനട്സ് രേഖപ്പെടുത്തൽ എന്നീ നടപടി ക്രമങ്ങൾ രേഖാമൂലം ഫയൽ ചെയ്യേണ്ടതാണ്.

2. പദ്ധതി സംബന്ധിച്ച് റഫ്കോസ്റ്റ്, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ബന്ധപ്പെട്ട ഏജൻസിയിൽ നിന്നും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ആയത് തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3. പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി നിശ്ചിത മാതൃകയിൽ സ്ഥാപനവുമായി കരാർ ചമച്ച് രേഖാമൂലം സൈറ്റ് കൈമാറിയ ശേഷം സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ച് മോണിറ്ററിംഗ് നടത്തേണ്ടതും തുടർ നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതുമാണ്.

4. ആസ്തി കൈമാറ്റം നടത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതോടൊപ്പം കമ്മീഷൻ ചെയ്യുന്നത് സമയബന്ധിതമാണോ എന്ന് മോണിറ്ററിംഗ് സമിതി പരിശോധിക്കേണ്ടതുമാണ്.

5. പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

6. പദ്ധതികളുടെ ഫലപ്രാപ്തി പൂർണ്ണമായും ആർജ്ജിച്ചോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. പ്രൊജക്ടുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ക്രമമായും ചിട്ടയായും സൂക്ഷിക്കുവാനും പരിശോധന സമയത്ത് അവ ഹാജരാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 3-21 മുനിസിപ്പൽ ചെയർപേഴ്സന്റെ വാഹന ഉപയോഗം.

മുനിസിപ്പൽ ചെയർപേഴ്സന്റെ ഉപയോഗത്തിനായി വാങ്ങിയ Kl-10-AG 4093 നമ്പർ ഇന്നോവ കാർ 2000 -ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ലംഘിച്ച് ഉപയോഗിക്കുന്നത് സംബന്ധിച്ച പരിശോധനയുടെ ഭാഗമായി വാഹനത്തിന്റെ ലോഗ് ബുക്ക്, ഇന്ധന രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാഹനവുമായി ബന്ധപ്പെട്ട ഫയലുകളായ E1/652/11, PW1/14025/16 എന്നിവ പരിശോധിച്ച കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

1.ഞായറാഴ്ചയും അവധി ദിവസവും ഉൾപ്പെടെ എല്ലാ ദിവസവും ഈ വാഹനം ഓടിയതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ purpose of journey എന്ന കോളത്തിൽ യാത്രയുടെ ഉദ്ദേശ്യം വ്യക്തമായി രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി നഗരസഭക്കകത്ത് മാത്രം വാഹനം ഓടിയ ദിവസങ്ങളിൽ "നഗരസഭയിൽ ഓടിയത് "എന്ന് മാത്രമാണ് രേഖപ്പെടുത്തിയത്. ഒരേ സ്ഥലത്തേക്ക് വ്യത്യസ്ത ദിവസങ്ങളിൽ ചെയ്ത യാത്രക്ക് രേഖപ്പെടുത്തിയ ദൂരത്തിൽ വലിയ വ്യത്യാസം കാണുന്നു. അതിന്റെ കാരണം വ്യക്തമാക്കാൻ വേണ്ട വിവരങ്ങളൊന്നും ലോഗ് ബുക്കിലില്ല. (താഴെയുള്ള പട്ടികയിലെ ക്രമ നമ്പർ 4, 5, 8, 9, 13, 25, 26 എന്നിവ കാണുക.)

2. വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയതനുസരിച്ച് 2000 -ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ കല്യാണം, ഓർഫനേജ് യാത്ര തുടങ്ങിയ ഔദ്യോഗിക ആവശ്യങ്ങളല്ലാത്ത മറ്റു ആവശ്യങ്ങൾക്ക് വാഹനം ഉപയോഗിച്ചതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തിയ്യതി | യാത്രയുടെ ഉദ്ദേശ്യം | ദൂരം (കിലോമീറ്ററിൽ) |
|---|---|---|---|
| 1 | 6.4.17 | എടക്കരയിൽ കല്ല്യാണത്തിന്നു | 45 |
| 2 | 26.4.17 | എടവണ്ണയിൽ കല്ല്യാണത്തിന്നു | 47 |
| 3 | 28.4.17 | മഞ്ചേരിയിൽ കല്ല്യാണത്തിന്നു | 75 |
| 4 | 29.4.17 | പട്ടാമ്പിയിൽ ഓർഫനേജിൽ പോയത് | 202 |

| | | | |
|---|---|---|---|
| 5 | 13.5.17 | പട്ടാമ്പിയിൽ ഓർഫനേജിൽ പോയത് | 218 |
| 6 | 5.7.17 | പാലക്കാട് ഓർഫനേജിൽ പോയത് | 240 |
| 7 | 8.7.17 | നിലമ്പൂരിൽ കല്ല്യാണത്തിന്ന | 34 |
| 8 | 9.7.17 | പട്ടാമ്പിയിൽ ഓർഫനേജിൽ പോയത് | 113 |
| 9 | 10.7.17 | പട്ടാമ്പിയിൽ ഓർഫനേജിൽ പോയത് | 180 |
| 10 | 15.7.17 | കല്ല്യാണത്തിന്ന പോയത് | 24 |
| 11 | 6.8.17 | മലപ്പുറത്ത് കല്ല്യാണത്തിന്ന പോയത് | 109 |
| 12 | 12.8.17 | കല്ല്യാണത്തിന്ന പോയത് | 30 |
| 13 | 27.8.17 | പട്ടാമ്പിയിൽ ഓർഫനേജിൽ പോയത് | 190 |
| 14 | 17.9.17 | പാലക്കാട് ഓർഫനേജിൽ പോയത് | 173 |
| 15 | 6.10.17 | നിലമ്പൂരിൽ കല്ല്യാണത്തിന്ന | 32 |
| 16 | 12.10.17 | പട്ടാമ്പി ഓർഫനേജിൽ പോയത് | 130 |
| 17 | 13.10.17 | കല്ല്യാണത്തിന്ന | 31 |
| 18 | 20.10.17 | കരുവാരകുണ്ട് കല്ല്യാണത്തിന്ന | 50 |
| 19 | 24.10.17 | വഴിക്കടവ് കല്ല്യാണത്തിന്ന | 45 |
| 20 | 27.10.17 | മഞ്ചേരിയിൽ കല്ല്യാണത്തിന്ന | 87 |
| 21 | 5.11.17 | കല്ല്യാണത്തിന്ന പോയത് | 49 |
| 22 | 12.11.17 | കല്ല്യാണം - നിലമ്പൂരിൽ പോയത് | 45 |
| 23 | 21.11.2017 | പാലക്കാട് ഓർഫനേജിൽ പോയത് | 278 |
| 24 | 26.11.17 | കല്ല്യാണത്തിന്ന പോയത് | 30 |
| 25 | 4.1.18 | പട്ടാമ്പിയിൽ ഓർഫനേജിൽ പോയത് | 184 |
| 26 | 9.2.18 | പട്ടാമ്പിയിൽ ഓർഫനേജിൽ പോയത് | 147 |
| 27 | 21.2.18 | പാലക്കാട് ഓർഫനേജ് മീറ്റിംഗ് | 369 |
| 28 | 26.2.18 | കല്ല്യാണത്തിന്ന | 63 |
| 29 | 6.3.18 | പട്ടാമ്പി ഓർഫനേജിൽ പോയത് | 166 |
| 30 | 12.3.18 | പാലക്കാട് ഓർഫനേജ് മീറ്റിംഗ് | 208 |

വാഹന ഉപയോഗം സംബന്ധിച്ച് താഴെ ചേർത്ത നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിയുടെ വാഹനം മുനിസിപ്പാലിറ്റിയിൽ തന്നെ സൂക്ഷിക്കേണ്ടതും ലോഗ് ബുക്കിൽ ആവശ്യമായ എല്ലാ വിവരങ്ങളും കൃത്യതയോടെ എഴുതി സൂക്ഷിക്കേണ്ടതും ആയത് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പ് വരുത്തേണ്ടതുമാണ്. മുനിസിപ്പൽ ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാതെ വാഹനം ഉപയോഗിച്ചത് വഴിയുള്ള നഷ്ടം കണക്കാക്കി ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

ഇല്ല

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ നീട്ടൽ | ബിൽ നം.23/ 20.03.28 | 3600000 | 3600000 | - |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | ബിൽ നം 24/23.03.18&31/27.03.18 | 3473007 | 3473007 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ലഭ്യമല്ല | 6000000 | 1905996 | 600000 | 105996 | 1200000 |
| കെ യു ആർ ഡി എഫ് സി | ലഭ്യമല്ല | 270000000 | 8526523 | 6126317 | 2400206 | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 75,000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2-3 | 75000 | ടി ജി അജേഷ്, സെക്രട്ടറി | 01/11720117194/08.01.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 44,45 | 2001-02 | ........ | മരാമത്ത്- അധികചെലവ് | നടപടി തുടരുന്നു. |
| 2007-08 | 3-13 | 2010-11 | ....... | മുൻകൂർ ക്രമീകരിച്ചില്ല | നടപടി തുടരുന്നു. |
| | | 2012-13 | ....... | ഖരമാലിന്യ പരിപാലനം, പ്രവർത്തനാവലോകന റിപ്പോർട്ട് | നടപടി തുടരുന്നു. |
| 2012-13 | 3-1<br>3-2 | 2012-13 | ........ | 1)നിഷ്ക്രിയ ആസ്തികൾ<br>2)മണൽ വാരൽ | നടപടി തുടരുന്നു. |

## 4-8 ചാർജ് /സർചാർജ്

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പർ/തീയതി | തുക | |
| 1 | 1999-00 | 58 (70, (7), (9) | എം.വി മഹിധരൻ, സെക്രട്ടറി | LF.12622/ സ്പെ.സെൽ/എസ്.സി 5/05/23.12.18/ 01.01.09 | 34,600 | |
| 2 | 1998-99 | 48(1), (2), 49, 50(16), 65, 76, 77, 81, 85(p), 89(1), 90 (2), (3), 91(1),(3), (4) | എം.വി മഹിധരൻ, സെക്രട്ടറി | LF.11513/സ്പെ.സെൽ/ എസ് സി 5/04/ 25.09.06/ 01.03.07 | 282674 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,40,45,046 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,23,31,707 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1502 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15,88,409 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,14,77,087 |

**(ബി). നഗരസഭ <u>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1502 | | ശശികുമാർ വി.കെ<br>റെവന്യൂ ഇൻസ്പെക്ടർ |
| 3-13 | | 30,600 | മുകുന്ദൻ എം കെ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 |
| 3-17 | | 14,20,432 | സതീഷ് കുമാർ, മുനിസിപ്പൽ എഞ്ചിനീയർ |
| 3- 18 | | 61,024 | സതീഷ് കുമാർ, മുനിസിപ്പൽ എഞ്ചിനീയർ |
| 3 - 19 | | 76,353 | 51590 സതീഷ് കുമാർ, മുനിസിപ്പൽ എഞ്ചിനീയർ<br>24763 – പി മുഹമ്മദലി, മുനിസിപ്പൽ എഞ്ചിനീയർ |
| **ആകെ** | **1978** | **15,88,409** | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 36,00,000 | ആകാശ് എം .എസ്, സെക്രട്ടറി |
| 3-4 | 34,73,007 | ആകാശ് എം .എസ്, സെക്രട്ടറി |
| 3-6 | 49,880 | ആകാശ് എം .എസ്, സെക്രട്ടറി |
| 3-7 | 47,384 | ഡോ.പ്രതാപ് പി.കെ, സീനിയർ വെറ്ററിനറി സർജ്ജൻ |
| 3-8 | 21,66,816 | പി മുഹമ്മദലി, മുനിസിപ്പൽ എഞ്ചിനീയർ |
| 3-14 | 7,50,000 | കൃഷ്ണദാസൻ എ, ഹെഡ്മാസ്റ്റർ (late) |
| 3-15 | 10,00,000 | കൃഷ്ണദാസൻ എ, ഹെഡ്മാസ്റ്റർ (late) |
| 3-16 | 3,90,000 | മുകുന്ദൻ എം, ഹെൽത്ത് ഇൻസ്പെക്ടർ |
| **ആകെ** | **1,14,77,087** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശശികുമാർ വി.കെ റെവന്യൂ ഇൻസ്പെക്ടർ | റവന്യൂ ഇൻസ്പെക്ടർ കോഴിക്കോട് കോർപ്പറേഷൻ | വേങ്ങാട്ടിക്കര വീട് കൂടല്ലൂർ, പാലക്കാട് ജില്ല. |
| സതീഷ് കുമാർ, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, മഞ്ചേരി നഗരസഭ | ശ്രീപത്മം, കരുവമ്പ്രം പി.ഒ, മഞ്ചേരി |
| മുകുന്ദൻ എം കെ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1, നിലമ്പൂർ നഗരസഭ | മഞ്ചേരിക്കാട്ടിൽ വീട്, പയ്യനാട് പി ഒ, മഞ്ചേരി, മലപ്പുറം ജില്ല, 676122 |
| പി മുഹമ്മദലി, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, നിലമ്പൂർ നഗരസഭ | പരുത്തിക്കുന്നൻ വീട് രാമംകുത്ത് പി ഒ നിലമ്പൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-01 | എൽ.എഫ്.എം.21/977/2010 തി.10.01.2011 | 7 | |
| 2001-02 | എൽ.എഫ്.എം.21/977/2010 തി.10.01.2011 | 6 | |
| 2002-03 | എൽ.എഫ്.എം.21/979/2010 തി.12.01.2011 | 7 | |
| 2003-04 | എൽ.എഫ്.എം.21/942/2010 തി.14.01.2011 | 16 | |
| 2004-05 | എൽ.എഫ്.എം.21/21-5/917/2008 തി.17.02.11 | 22 | |
| 2005-06 | എൽ.എഫ്.എം.21/978/2009തി.03.05.2011 | 10 | |
| 2006-07 | എൽ.എഫ്.എം.21/21-5/799/2009 തി.03.06.2011 | 13 | |
| 2007-08 | എൽ.എഫ്.എം.21/21-5/799/2009തി.03.06.2011 | 25 | |
| 2008-09 | എൽ.എഫ്.എം.21/67/2012 തി.21.02.2012 | 23 | |
| 2009-10 | എൽ.എഫ്.എം.21/68/2012 തി.21.02.2012 | 33 | |
| 2010-11 2011-12 | എൽ.എഫ്.എം.21/19/2013 തി.08.02.2013 | 48 | |
| 2012-13 | എൽ.എഫ്.എം.21/3306/2014 തി.14.01.2015 | 39 | |

| | | | |
|---|---|---|---|
| 2013-14<br>2014-15 | എൽ.എഫ്.എം.21/314/2016 തി.27.05.2016 | 44 | |
| 2015-16 | കെ.എസ്.എ.എം.പിഎം21/ 2742/2016 തി. 02.02.2017 | 47 | |
| 2016-17 | കെ.എസ്.എ.എം.പിഎം21/ 2385/2017 തി. 24.11.2017 | 48 | |

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നിലമ്പൂർ നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ നിലമ്പൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**സീനീയർ ഡെപ്യൂട്ടി ഡയറക്ടർ**
**മലപ്പുറം**